# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 6/1000/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 6/1000/2022 തീയ്യതി: 23/06/2022

# കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 11-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 13-06-2022 | 17-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-06-2022 | 17-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾ നസീർ ടി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുരേഷ് കുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ,അഫ്സൽ.ടി.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മോഹൻ കായക്കുൽ താഴെകുനി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| രാഗിണി തച്ചോളി | പ്രസിഡന്റ് | 23-12-2020 | 31-03-2021 |
| അൻസാർ കെ | സെക്രട്ടറി | 01-04-2020 | 05-09-2020 |
| ഇ അരുൺകുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-06-2020 | 11-10-2020 |
| എം ബീജ | സെക്രട്ടറി | 12-10-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. വിജയലക്ഷ്മി.സി.എച്ച് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. രജിത്ത്.ടി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. വിജ്ഞേഷ്.എസ്.എൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. എം.ബബിത | മെഡിക്കൽ ഓഫീസർ (ആയുർ) | 01-04-2020 | 31-03-2021 |
| ശ്രീമതി. ജെന്നി.കെ.എൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 13-01-2021 |
| ശ്രീമതി. വിനീത.പി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. ദീപശ്രീ.പി.എസ് | അസി.എഞ്ചിനീയർ | 01-04-2020 | 18-10-2020 |
| ശ്രീമതി. ആര്യ രാജ് | അസി.എഞ്ചിനീയർ | 19-10-2020 | 31-03-2021 |
| ശ്രീ. അരുൺകുമാർ.ഇ | അസി. സെക്രട്ടറി | 01-04-2020 | 19-02-2021 |
| ശ്രീ. സുധീർ പി | അസി. സെക്രട്ടറി | 01-03-2021 | 31-03-2021 |
| ശ്രീമതി. ശിജിന.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സന്ധ്യ എം. ജി | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 14-01-2021 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Afsal T.M (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Afsal T.M (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )<br>Written By: Afsal T.M (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Afsal T.M (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-5 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Afsal T.M (Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-7 |
| 10 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-8 |
| 11 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 17-06-2022)<br>Last Updated By: Pyarilal.T.C (Joint Director, On 23-06-2022) | 1-9 |
| 12 | പഞ്ചായത്ത് അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകൾ ഡി. & ഒ. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-10 |
| 13 | ഗ്രാമ പഞ്ചായത്തിന്റെ TDS റിട്ടേൺ ഫയൽ ചെയ്യുന്നതിൽ സംഭവിച്ച അപാകതകൾ - വൻ തുക അടവാക്കാൻ അവശേഷിക്കുന്നു.<br>Written By: Afsal T.M (Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-11 |
| 14 | എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണം - എസ്റ്റിമേറ്റിലെ ഉയർന്ന നിരക്ക് അനുവദിച്ചു<br>Written By: Jisha Samuel (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-12 |
| 15 | സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ - മണ്ണ് പ്രവൃത്തിയ്ക്ക് അധിക ഇനം | 1-13 |

| | | |
|---|---|---|
| | ഉൾപ്പെടുത്തിയതിനാൽ അധിക ചെലവുണ്ടായതും മറ്റപാകതകളും<br>Written By: Jisha Samuel (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | |
| 16 | പ്രവൃത്തി പൂർത്തീകരിച്ച് തുക നൽകിയ ശേഷം പ്രോജക്ട് ഭേദഗതി - വകയിരുത്തിയതിൽ കൂടുതൽ ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-14 |
| 17 | തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും മറ്റപാകതകളും<br>Written By: Jisha Samuel (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-15 |
| 18 | തൻവർഷ പദ്ധതി ചെലവ് തുച്ഛം - മൂന്നിൽ രണ്ട് ചെലവും സ്പിൽ ഓവർ പദ്ധതികൾക്ക്<br>Written By: Jisha Samuel (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-16 |
| 19 | പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - അടക്കുന്ന തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നില്ല<br>Written By: E.V Hari (Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-17 |
| 20 | തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് അടവാക്കൽ - അടക്കുന്ന തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നില്ല<br>Written By: E.V Hari (Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-18 |
| 21 | ഗ്രാമപഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ വാങ്ങൽ - അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 22-06-2022) | 1-19 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-20 |
| 23 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-21 |
| 24 | സാക്ഷരതാ കേന്ദ്രങ്ങളിൽ ഫർണ്ണീച്ചർ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-22 |
| 25 | ഐ.കെ.എം വിഹിതം നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-23 |
| 26 | ജലജീവൻ പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-24 |
| 27 | എസ്.എസ്.എ പദ്ധതി - തുടർ നിരീക്ഷണത്തിൽ അനാസ്ഥ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-25 |
| 28 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിട്ടറിംഗ് - ചെലവ് വിവരം ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-26 |
| 29 | തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 1-27 |
| 30 | പെയിൻ ആൻഡ് പാലിയേറ്റീവ് - മാനേജ്മെന്റ് കമ്മറ്റി യോഗങ്ങൾ | 1-28 |

| | | |
|---|---|---|
| | ചേരുന്നില്ല<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | |
| | **ഭാഗം 2** | |
| 1 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 2-1 |
| | **ഭാഗം 3** | |
| 1 | സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ - മണ്ണ് പ്രവൃത്തിയ്ക്ക് അധിക ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവുണ്ടായതും മറ്റപാകതകളും<br>Written By: Jisha Samuel (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 3-1 |
| 2 | എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണം - എസ്റ്റിമേറ്റിലെ ഉയർന്ന നിരക്ക് അനുവദിച്ചു<br>Written By: Jisha Samuel (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 3-2 |
| 3 | തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും മറ്റപാകതകളും<br>Written By: Jisha Samuel (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Afsal T.M (Auditor, On 13-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 13-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 13-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 13-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Afsal T.M (Auditor, On 13-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Afsal T.M (Auditor, On 13-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Afsal T.M (Auditor, On 13-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Afsal T.M (Auditor, On 13-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Afsal T.M (Auditor, On 13-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| | Written By: E.V Hari (Audit Officer, On 18-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Afsal T.M (Auditor, On 13-06-2022)<br>Last Updated By: Vasudevan M (Deputy Director, On 23-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 – ലെ ബജറ്റ് 19-03-2020 ലെ 40/2020 നമ്പർ തീരുമാന പ്രകാരവും 2020-21 – ലെ പുതുക്കിയ ബജറ്റ് 20-02-2021 – ലെ 1 - ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും വിവിധങ്ങളായ അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

എ) തനത് വരുമാനം – എസ്റ്റിമേറ്റ് തുക ക്രമാതീതം

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷിക കണക്കു പ്രകാരം വരവ് |
|---|---|---|
| 140-നികുതിയിതര വരവുകൾ | 1581000 | 980295 |
| 171-പലിശ | 200000 | 381033 |
| 180-മറ്റു വരവുകൾ | 145000 | 5866 |

വർക്ക് ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല.

ബി) ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ – ബജറ്റ് പുതുക്കുന്നില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയതിനേക്കാൾ കൂടുതലോ ചെലവഴിക്കേണ്ട അവസരത്തിൽ ബജറ്റ് പുതുക്കുകയോ, സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിച്ചോ മാത്രമേ തുക ചെലവഴിക്കാവൂ. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214 (5) പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. ചെലവ് വകയിരുത്തലുകളുടെ കാര്യത്തിൽ ബജറ്റ് വ്യതിയാനം വന്നത്, വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്കു പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 250 | 1382500 | 4003904 | 6669762 |

പ്രൊവിഷനിൽ നിന്നും വ്യതിയാനം വരുമ്പോൾ തന്നെ ബജറ്റ് പുതുക്കാത്തതാണ് അപാകതയ്ക്ക് കാരണമായിട്ടുള്ളത്.

ബജറ്റ് പ്രൊവിഷനില്ലാതെ ചെലവ് നടത്തിയത് കെ.എഫ്.സി ആർട്ടിക്കിൾ 40 (എ) പ്രകാരം അനുവദനീയമല്ലാത്തതാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 14-05-2021 ന് (Online ആയി) ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1. പ്രതിമാസ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ 3,38,376/- രൂപ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. ഈ തുക സഞ്ചിതനിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

3. ബാലൻസ് ഷീറ്റ് B 7 ൽ ഉൾപ്പെട്ട 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – ചട്ടം 79, KFC Volume 1 Article – 282 പ്രകാരം, തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

4. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – ചട്ടം 62-4 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ സംഖ്യകൾ പൂർണ്ണരൂപയിലാണ് ഉൾപ്പെടുത്തേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ്- B-1 ലെ Excess Of Income Over Expenditure, B-9 ലെ Govt & Other Dues Payable - Library Cess എന്നിവ പൂർണ്ണരൂപയിൽ അല്ലാതെ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

6. അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 31515342 |
| വരവ് | 70008686 |
| ആകെ | 101524028 |
| ചെലവ് | 78082254 |
| നീക്കിയിരിപ്പ് | 23441774 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12672753 | 12672753 | 12644597 | 28156 | 99.8 ശതമാനം |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ചെലവഴിച്ചു |
| വികസന ഫണ്ട് (എസ്. സി. പി.) | | 0 | 1638667 | 1638667 | 1636218 | 2449 | 99.9 ശതമാനം ചെലവഴിച്ചു |
| വികസന ഫണ്ട് (ടി എസ്. പി.) | | 0 | 167000 | 167000 | 0 | 167000 | ചെലവില്ല |
| മെയിന്റനൻസ് (റോഡ്) | | 0 | 7835000 | 7835000 | 5782192 | 2052808 | 73.8 ശതമാനം ചെലവഴിച്ചു |
| മെയിന്റനൻസ് (നോൺ റോഡ്) | | 0 | 4706906 | 4706906 | 3027423 | 1679483 | 64.3 ശതമാനം ചെലവഴിച്ചു |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | | 0 | 16204203 | 16204203 | 9694883 | 6509320 | 59.8 ശതമാനം ചെലവഴിച്ചു |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | | 0 | 6360000 | 6360000 | 683367 | 5676633 | 10.7 ശതമാനം ചെലവഴിച്ചു |
| ഐ. സി.ഡി. എസ്. | | 588150 | 1223340 | 1811490 | 1355954 | 455536 | |
| സാക്ഷരത | | 3046 | 122 | 3168 | 0 | 3168 | |
| ദുരിതാശ്വാസ നിധി | | 9624 | 385 | 10009 | 0 | 10009 | |
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 321614 | 618000 | 931614 | 618000 | 321614 | |
| | ബ്ലോക്ക് പഞ്ചായത്ത് | 16762 | 1044775 | 1061537 | 1044775 | 16762 | |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ. കെ. എം. തയ്യാറാക്കിയ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 66426335 | 20006997 |
| വികസനഫണ്ട് (എസ്.സി.പി) | 8153833 | 2143833 |

അപാകതകൾ ഐ.കെ.എം. മായി ബന്ധപ്പെട്ട് പരിഹരിക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

എ)

| അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | നടപ്പിലാക്കാത്ത പ്രൊജക്റ്റുകളുടെ എണ്ണം | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|---|
| 220 | 99514006 | 156 | 64 | 53238727 | 53.5 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 220 പ്രൊജക്റ്റുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 156 പ്രൊജക്റ്റുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പ്രൊജക്റ്റുകൾക്കായി 99514006 രൂപ വകയിരുത്തിയതിൽ 53238727 രൂപ മാത്രമെ പ്രൊജക്റ്റുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

ബി)

വികസന ഫണ്ട്/മെയിന്റെനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഗ്രാന്റ് | വരവ് | ചെലവ് | ചെലവഴിക്കാത്ത തുക | ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 12672753 | 12644597 | 28156 | 99.8 |
| വികസന ഫണ്ട് (എസ്.സി.പി) | 1638667 | 1636218 | 2449 | 99.9 |
| വികസന ഫണ്ട് (ടി എസ്.പി.) | 167000 | 0 | 167000 | 0 |
| വികസന ഫണ്ട് - | 16204203 | 9694883 | 6509320 | 59.8 |

| | | | | |
|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | | | | |
| വികസന ഫണ്ട് – സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 6360000 | 683367 | 5676633 | 10. 7 |
| മെയിന്റനൻസ്, റോഡ് | 7835000 | 5782192 | 2052808 | 73.8 |
| മെയിന്റെനൻസ്, നോൺ – റോഡ് | 4706906 | 3027423 | 1679483 | 64.3 |
| ആകെ | 49584529 | 33468680 | 16115849 | 67.5 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ വാർഷിക പദ്ധതിയ്ക്കായി സർക്കാരിൽ നിന്നും ലഭ്യമായ 49584529 രൂപയിൽ 33468680 രൂപ (67.5%) മാത്രമേ പഞ്ചായത്തിന് ചെലഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. 16115849/- രൂപ സാമ്പത്തിക വർഷത്തിൽ ചെലഴിക്കാൻ കഴിയാതെ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി) എന്നിവ ഒഴികെ മറ്റു ഫണ്ടുകളുടെ വിനിയോഗം കാര്യക്ഷമമല്ല. ഫണ്ടുകളുടെ വിനിയോഗം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ശുചിത്വം, ഖരമാലിന്യ സംസ്കരണം, കുടിവെള്ള പദ്ധതികൾ, ജല സംരക്ഷണ പദ്ധതികൾ തുടങ്ങി വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) 10.7 ശതമാനം മാത്രമാണ് വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളുവെന്ന കാര്യം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരുന്നു.

പഞ്ചായത്തിൽ പട്ടികവർഗ വിഭാഗത്തിൽപ്പെടുന്നയാളുകൾ ഇല്ലാത്തതിനാലാണ് ഈയിനത്തിലെ അലോട്ട്മെന്റ് തുക ചെലവഴിക്കാൻ സാധിക്കാതെ വന്നത് എന്നാണ് അറിയിച്ചത്. പട്ടികവർഗ വിഭാഗത്തിൽപ്പെടുന്നയാളുകൾ ഇല്ലെങ്കിൽ അലോട്ട്മെന്റ് ആവശ്യമില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ : 4176

ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ : 4463

100 ദിവസം തൊഴിൽ ചെയ്ത ഗുണഭോക്താക്കൾ : 383

2020-21 സാമ്പത്തിക വർഷത്തെ ആകെ ചെലവ് : 39629767/-

ഇനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| വിദഗ്ദ വേതനം | 603226 |
| അവിദഗ്ദ വേതനം | 34803463 |
| മെറ്റിരിയൽ തുക | 3384622 |
| ഭരണ ചെലവ് | 838456 |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4087 | 848490 | 852577 | 838456 | 14121 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 38791311 | 38791311 | 38791311 | 0 |

ഭരണസമിതിയുടെ 15.01.2020 തിയ്യതിലെ 20/2020 നമ്പർ തീരുമാന പ്രകാരം 467 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ തൻവർഷം 202 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തികൾ | എണ്ണം |
|---|---|
| ഭവനം | 3 |
| കിണർ | 3 |
| തൊഴുത്ത് | 8 |
| തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ | 25 |
| കോഴിക്കൂട് | 4 |
| വൃക്ഷത്തൈ നടൽ | 1 |
| കനാൽ നവീകരണം | 21 |
| മണ്ണ് ജല സംരക്ഷണം | 95 |

| | |
|---|---|
| റോഡ്/പൊതു ആസ്തി നിർമ്മാണം | 30 |
| കുളം | 4 |
| ആട്ടിൻ കൂട് നിർമ്മാണം | 6 |
| കമ്പോസ്റ്റ് | 2 |

## 1-7 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിലനിർത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, ഡി.സി.ബി. ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് പെൻഷനുകൾ യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും വിവിധങ്ങളായ അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയത് പരിഹരിച്ച് കുറ്റമറ്റ രീതിയിൽ ബജറ്റ് തയ്യാറാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ TDS റിട്ടേൺ ഫയൽ ചെയ്തതിൽ സംഭവിച്ച അപാകതകൾ മൂലം - വൻ തുക പിഴയിനത്തിൽ അടക്കാൻ അവശേഷിക്കുന്നു. അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 - ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.2022 – ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,060/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-9 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച. മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ

നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതു മൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) നികുതി പ്രാബല്യ ത്തിൽ വന്ന വർഷം | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധക മാക്കിയ നികുതി നിരക്ക് | ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം | ബാധക മാക്കേണ്ട നികുതി നിരക്ക് | ഈടാക്കേ ണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം | നഷ്ടം |
|---|---|---|---|---|---|---|
| 5/346 എ സി. എം, രവീന്ദ്രൻ. ചാലയിൽ മീത്തൽ, വില്യാപ്പള്ളി, 673542 (2014-15 മുതൽ പ്രാബല്യം) | 108.72 | 50 | 5980+299=6279 (മേഖല ഇളവ് 10%, വഴി സൗകര്യം 20% വർദ്ധനവ്) | 60 | 7176+359= 7535 | 2014-15 1196+60=1256 2015-16 1196+60=1256 2016-17 1196+60=1256 2017-18 1196+60=1256 2018-19 1196+60=1256 2019-20 1196+60=1256 2020-21 1196+60=1256 ആകെ 8372+420= 8792 |
| 5/346 ബി രവീന്ദ്രൻ സി. എം, അനിത ചാലയിൽ മീത്തൽ, വില്യാപ്പള്ളി, 673542 | 142.35 | 50 | 8541+428= 8969 വഴി സൗകര്യം 20% വർദ്ധനവ്) | 60 | 10250+513= 10763 | 2015-16 1709+85=1794 2016-17 1709+85=1794 2017-18 1709+85=1794 2018-19 |

| | | | | | | |
|---|---|---|---|---|---|---|
| (2015-16 മുതൽ പ്രാബല്യം) | | | | | | 1709+85=1794<br>2019-20<br>1709+85=1794<br>2020-21<br>1709+85=1794<br>ആകെ<br>10254+510=<br>10764 |
| 8/75 ബി<br>കുഞ്ഞിമൂസ്സ, മങ്ങാട്ട്, വില്ല്യാപ്പള്ളി, 673542<br>(2018-19 മുതൽ പ്രാബല്യം) | 137.62 | 50 | 6193+310=6503<br>(മേഖല ഇളവ് 10%, | 60 | 7432+372=<br>7804 | 2018-19<br>1239+62=1301<br>2019-20<br>1239+62=1301<br>2020-21<br>1239+62=1301<br>ആകെ<br>3717+186=<br>3903 |
| 8/75 സി<br>കുഞ്ഞിമൂസ്സ, മങ്ങാട്ട്, വില്ല്യാപ്പള്ളി, 673542<br>(2018-19 മുതൽ പ്രാബല്യം) | 219.3 | 50 | 8772+439=9211<br>(മേഖല ഇളവ് 10%, മേൽക്കൂര ഇളവ് 10%) | 60 | 10527+527=<br>11054 | 2018-19<br>1755+88=1843<br>2019-20<br>1755+88=1843<br>2020-21<br>1755+88=1843<br>ആകെ<br>5265+264=<br>5529 |
| 15/371 എ<br>1)കുഞ്ഞബ്ദുള്ള, വള്ളൂർക്കണ്ടിയൽ, കീഴൽ, 673104<br>2)അമ്മദ്, മഠത്തിൽ കീഴൽ, 673104<br>(2014-15 മുതൽ പ്രാബല്യം) | 107.26 | 50 | 5605+281=5886<br>(മേഖല ഇളവ് 10%, വഴി സൗകര്യം 20% വർദ്ധനവ്)<br>(ഒന്നാം നില ഇളവ് - ആകെ നികുതിയുടെ 5%) | 60 | 6726+337=<br>7063 | 2014-15<br>561+28=589<br>2015-16<br>1121+56=1177<br>2016-17<br>1121+56=1177<br>2017-18<br>1121+56=1177<br>2018-19<br>1121+56=1177<br>2019-20<br>1121+56=1177<br>2020-21<br>1121+56=1177<br>ആകെ<br>7287+364=<br>7651 |

| | | | | | | |
|---|---|---|---|---|---|---|
| 15/371 ബി<br>1)കുഞ്ഞബ്ദുള്ള, വള്ളൂർക്കണ്ടിയൽ, കീഴൽ, 673104<br>2)അമ്മദ്, മഠത്തിൽ കീഴൽ, 673104<br>(2014-15 മുതൽ പ്രാബല്യം) | 155 | 50 | 8099+405=8504<br>(മേഖല ഇളവ് 10%, വഴി സൗകര്യം 20% വർദ്ധനവ്)<br>(ഒന്നാം നില ഇളവ് - ആകെ നികുതിയുടെ 5%) | 60 | 9719+486= 10205 | 2014-15<br>810+41=851<br>2015-16<br>1620+81=1701<br>2016-17<br>1620+81=1701<br>2017-18<br>1620+81=1701<br>2018-19<br>1620+81=1701<br>2019-20<br>1620+81=1701<br>2020-21<br>1620+81=1701<br>ആകെ<br>10530+527= 11057 |
| ആകെ | | | | | | ആകെ<br>45425+2271= 47,696 |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. ഇതിന് വിശദീകരണം നൽകേണ്ടതും മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. (ഓഡിറ്റ് കാലയളവിലെ നഷ്ടം 8640+432 =9,072/- രൂപ )

1-10 പഞ്ചായത്ത് അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകൾ ഡി. & ഒ. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകൾ വാടകക്ക് എടുത്ത 38 വാടകക്കാരിൽ 21 പേർ മാത്രമാണ് 2020-21 കാലയളവിൽ ഡി. & ഒ. ലൈസൻസിന് അപേക്ഷിച്ചിരിക്കുന്നത്. വാടകക്ക് എടുത്തവരിൽ ഭൂരിഭാഗവും വാടക കരാറിന്റെ പിൻബലത്തിലാണ് ബിസിനസ് നടത്തിപ്പോരുന്നത്. ഡി. & ഒ ലൈസൻസ് പുതുക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ലൈസൻസിയുടെ പേര് |
|---|---|---|
| 1. | 3/745 | വിനോദ് സി ചെറുവോട്ട് |
| 2. | 3/750 | സിറാജ് കോട്ടക്കാരന്റെവിട |
| 3. | 3/751 | ലോഹിതാശൻ വളപ്പിൽ |
| 4. | 3/752 | മയ്യന്നൂർ വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 5. | 3/755 | സെക്രട്ടറി വി. പി. എസ്. സി |
| 6. | 3/756 | സിറാജ് കെ |
| 7. | 3/757 | രാജൻ കെ |
| 8. | 3/758 | കുഞ്ഞമ്മദ് പി.കെ |
| 9. | 3/720 | കുഞ്ഞബ്ദുള്ള പാലോള്ളപറമ്പത്ത് |
| 10 | 3/721 | കുഞ്ഞബ്ദുള്ള പാലോള്ളപറമ്പത്ത് |
| 11. | 3/724 | മാധവി W/o കുമാരൻ |

| | | |
|---|---|---|
| 12. | 3/725 | മാധവി W/o കുമാരൻ |
| 13. | 3/726 | അനിൽകുമാർ പാറക്കണ്ടിയിൽ |
| 14. | 3/727 | ശശി കെ. കെ |
| 15 | 3/729 | ഓമന അമ്മ |
| 16. | 3/739 | ശ്രീധരൻ കറവ്വള്ളതിൽ |
| 17. | 3/764 | പി. കെ രാജൻ |

കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5, 11 എന്നിവയിൽ ലൈസൻസിനുള്ള അപേക്ഷ, ലൈസൻസ് പുതുക്കൽ എന്നിവ സംബന്ധിച്ച് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ട പ്രകാരമുള്ള യാതൊരു പരിശോധനയും സ്ഥാപനത്തിലില്ലാത്തത് കൊണ്ടാണ് ഇത്തരത്തിൽ വീഴ്ചയുണ്ടായിരിക്കുന്നത്. ഡി.ആന്റ്.ഒ ലൈസൻസ് എടുക്കുന്നതിൽ വീഴ്ച വരുത്തിയവരിൽ നിന്നും നാളിതുവരെയുള്ള ലൈസൻസ് ഫീ പിഴയടക്കം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 ഗ്രാമ പഞ്ചായത്തിന്റെ TDS റിട്ടേൺ ഫയൽ ചെയ്തതിൽ സംഭവിച്ച അപാകതകൾ - വൻ തുക അടവാക്കാൻ അവശേഷിക്കുന്നു.

ആദായനികുതി വകുപ്പിൽ വിവിധയിനങ്ങളിലായി നിലവിൽ ഗ്രാമപഞ്ചായത്ത് അടവാക്കാൻ അവശേഷിക്കുന്ന തുകകൾ സംബന്ധിച്ച വിവരം അറിയുന്നതിനായി TDS TRACES ൽ പരിശോധന നടത്തി. ആയത് പ്രകാരമുള്ള നിലവിൽ അടവാക്കാനുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | ഫയൽ ചെയ്ത തിയതി | ഫോം ഇനം | തുക | ഇനം |
|---|---|---|---|---|---|
| 1 | 2013-14 Q4 | 10-06-2015 | 24Q | 29,070 | Late Filing Levy |
| 2 | 2014-15 Q3 | 17-06-2015 | 24Q | 6,100 | Late Filing Levy |
| 3 | 2014-15 Q4 | 17-06-2015 | 24Q | 6,600 | Late Filing Levy |
| 4 | 2017-18 Q3 | 26-01-2018 | 24Q | 750 | Interest On Late Payment&Additional Late Payment Interest Against The Processing Of Latest Correction |
| 5 | 2018-19 | 09-05-2019 | 24Q | 580 | Short Deduction&Interest On Short Deduction |

| | | | | |
|---|---|---|---|---|
| | | ആകെ അടവാക്കാനുള്ളത് | 43,100 | |

വിവിധ കാരണങ്ങളാൽ വലിയ തുകയാണ് ഇൻകം ടാക്സ് വകുപ്പിലേക്ക് അടവാക്കാൻ ബാക്കിയുള്ളത്. TRACES ലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2013-14 - 2018-19 സാമ്പത്തിക വർഷങ്ങളിലെ TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്യാത്തത് കൊണ്ടും TDS ഫയൽ ചെയ്യുമ്പോൾ സംഭവിക്കുന്ന മറ്റ് അപാകതകൾ കൊണ്ടുമാണ് പിഴയിനത്തിൽ വൻ തുക അടവാക്കേണ്ട സാഹചര്യം ഉണ്ടായത് എന്ന് കാണുന്നു. ആകെ അടവാക്കാനുള്ള 43,100/- രൂപയിൽ 41,770/- രൂപ Late Filing Fee ഇനത്തിലും 1,330/- രൂപ മറ്റിനത്തിലും പെട്ടതാണ്. ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഇങ്ങനെ സംഭവിക്കാനുള്ള സാഹചര്യം വ്യക്തമായിട്ടില്ല. ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 234 പ്രകാരം TDS യഥാസമയം ഫയൽ ചെയ്യാത്തവർക്ക് പ്രതിദിനം 200/- രൂപ നിരക്കിൽ Late Fee ഈടാക്കുന്നതാണ്. (Late Fee പരമാവധി TDS തുകയായി പരിമിതപ്പെടുത്തിയിട്ടുണ്ട്) നിലവിൽ 41,770/- രൂപ Late Filing Fee യിനത്തിൽ അടവാക്കാനുണ്ട്. സാങ്കേതികമായ കാരണങ്ങളാലാണ് ഗ്രാമപഞ്ചായത്തിന് TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്യാൻ സാധിക്കാതിരുന്നത് എങ്കിൽ ഇക്കാര്യം ഇൻകം ടാക്സ് വകുപ്പിനെ കൃത്യമായ രേഖകൾ സഹിതം ബോധിപ്പിച്ച് കുടിശ്ശിക തീർപ്പാക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കുടിശ്ശിക വരാൻ കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കേണ്ടതും ഇൻകം ടാക്സ് വകുപ്പിൽ അടവാക്കി കുടിശ്ശിക തീർക്കേണ്ടതുമാണ്.

നിലവിൽ ഓരോ സ്ഥാപനത്തിനും സ്വന്തമായി TDS ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം ഇൻകം ടാക്സ് വകുപ്പ് ഒരുക്കിയിട്ടുണ്ട്. ഈ സൗകര്യം ഉപയോഗിക്കാതെ TDS ഫയൽ ചെയ്യുന്നതിന് സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. ഈ സ്ഥാപനങ്ങൾ TDS ഫയൽ ചെയ്യുമ്പോൾ അപാകതകൾ സംഭവിക്കാം. അല്ലെങ്കിൽ *പഞ്ചായത്തിൽ നിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് ഡാറ്റ നൽകുമ്പോൾ പിശകുകൾ സംഭവിക്കാം. ഇവ മൂലമാണ് 1,330* രൂപ കുടിശ്ശികയുണ്ടായത്. ഓരോ തവണ TDS ഫയൽ ചെയ്യുമ്പോഴും ഇത്തരം അപാകതകൾ സംഭവിച്ചിട്ടുണ്ടോയെന്ന് സ്ഥാപനത്തിന്റെ TRACES LOGIN ൽ പരിശോധിക്കാവുന്നതും, അപാകതയുണ്ടെങ്കിൽ TDS Correction Statement ഫയൽ ചെയ്യേണ്ടതുമാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. TDS Correction Statement ഫയൽ ചെയ്ത് ഈ കുടിശ്ശിക തീർക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-12 എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണം - എസ്റ്റിമേറ്റിലെ ഉയർന്ന നിരക്ക് അനുവദിച്ചു

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : എം.സി.എഫ്. ബിൽഡിംഗ് നിർമ്മാണം, 192/21

അടങ്കൽ : 11,00,000/- (10,00,000 – സംസ്ഥാനാവിഷ്കൃതം, 1,00,000 - തനതുഫണ്ട്)

ചെലവ് : 10,98,881/- (വൗ. നം. 22000750,22000751/4.2.2021)

എം.സി.എഫ് കേന്ദ്രത്തിന് കെട്ടിടനിർമ്മാണത്തിനായി തയ്യാറാക്കിയതാണ് ഈ പദ്ധതി. ഈ പ്രവൃത്തിയിൽ കെട്ടിടത്തിന്റെ ചുമർ മുകൾഭാഗം നെറ്റിട്ട് സംരക്ഷിക്കുന്നതിനായി ഉൾപ്പെടുത്തിയ ഇനം DAR ലെ ഐറ്റം 16.70.2 ആണ്. ഇത് പി.വി.സി. കോട്ട് ചെയ്ത ജി. ഐ. ചെയിൻ ലിങ്ക് ഫാബ്രിക് ഉപയോഗിച്ചുള്ള ഫെൻസിംഗിനായിട്ടുള്ളതാണ്. ഒരു ചതുശ്ര മീറ്റർ ചെയ്യാൻ (കോസ്റ്റ് ഇൻഡക്സ് 38.24%) ഈയിനത്തിന്റെ നിരക്ക് 822.04/- രൂപയാണ്. ഈ നിർമ്മാണത്തിന്റെ ഫയൽ പരിശോധനയുടെ ഭാഗമായി കെട്ടിടത്തിന്റെ ഫോട്ടോകൾ ഓവർസിയർ ലഭ്യമാക്കുകയുണ്ടായി. ഇതു പ്രകാരം മേൽ വിവരിച്ച ഫെൻസിംഗ് പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയത് നിരക്ക കുറഞ്ഞ പി.വി.സി. കോട്ടിംഗ് ഇല്ലാത്ത

മെഷ് ആണെന്ന് വ്യക്തമാകുന്നു. ഈയിനം പ്രവൃത്തി DAR ൽ ഐറ്റം 16.70.1 ആയി ഉൾപ്പെട്ടിട്ടുണ്ട്. ഈയിനത്തിന് ഒരു ച. മീറ്ററിന് 766.49/- രൂപ മാത്രമാണുള്ളത്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം ചെയ്യാതിരുന്നിട്ടും, എസ്റ്റിമേറ്റിലെ ഉയർന്ന നിരക്ക് അനുവദിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഐറ്റം 16.70.1 പ്രകാരം നൽകേണ്ട തുക | ഐറ്റം 16.70.2 പ്രകാരം നൽകിയ തുക | അധികം നൽകിയത് |
|---|---|---|
| 92.78 X 766.49 = 71,115 | 92.78 X 822.04 = 76,269 | 5,154/- |

മേൽ വിവരിച്ച വിധം എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് ചെയ്ത പ്രവൃത്തിയ്ക്ക് കൂടിയ നിരക്ക് നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയിട്ടും ആയത് പരിഗണിക്കാതെ അളവ് രേഖപ്പെടുത്തിയ ഓവർസിയറിൽ നിന്ന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

1-13 സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ - മണ്ണ് പ്രവൃത്തിയ്ക്ക് അധിക ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവുണ്ടായതും മറ്റപാകതകളും

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : അങ്കണവാടികൾക്ക് ടോയ് ലെറ്റ് നിർമ്മാണം, 230/21

അടങ്കൽ : 3,16,714/- സംസ്ഥാനാവിഷ്കൃതം

ചെലവ് : 1,52,663/- (വൗ. നം. 22000631/24.12.2020)

സെന്റർ നമ്പർ 93, 125, 103 എന്നീ അങ്കണവാടികളിലെ ടോയ് ലെറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

- തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 21 -ാമത്തെ ഇനമായി ഉൾപ്പെടുത്തിയത് 15 ഫ്ലഷ് കപ്പാസിറ്റിയിൽ കുറവുള്ള മൂന്ന റെഡിമെയ്ഡ് സെപ്റ്റിക് ടാങ്കുകൾ സ്ഥാപിക്കുന്നതിനായി (മൂന്ന് അങ്കണവാടികളിൽ) PRICE ലെ ഐറ്റം 51.19.ST1 ആണ്. ഇതിന്റെ വിവരണം പരിശോധിച്ചാൽ ടാങ്ക് സ്ഥാപിക്കുന്നതിന് മണ്ണ് നീക്കം ചെയ്യുന്നതിനും ടാങ്ക് ഇറക്കി വെച്ചതിന് ശേഷം മണ്ണ് ഫില്ല് ചെയ്യുന്ന പ്രവൃത്തിയുൾപ്പെടെയുള്ള നിരക്കാണിതെന്ന് വ്യക്തമാണ്. എന്നാൽ സെന്റർ നമ്പർ 93, 95 എന്നിവിടങ്ങളിൽ സെപ്റ്റിക് ടാങ്കിനായി യഥാക്രമം 7.2m3, 6m3 മണ്ണ് പ്രവൃത്തി ചെയ്തതിന് ഐറ്റം 2.8.1 പ്രകാരം ലേബർ ചാർജ്ജ് അഡീഷണലായി നൽകി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് അനുവദനീയമല്ല. ഈയിനത്തിൽ 2,900/- രൂപ (13.2 X 219.71 = 2,900/-) അധിക ചെലവ് ഉണ്ടായിട്ടുണ്ട്.
- എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം മൂന്ന് അങ്കണവാടികളുടെ ടോയ് ലെറ്റ് നിർമ്മാണ പ്രവൃത്തികളാണ് പദ്ധതിയിലുൾപ്പെടുത്തിയിരുന്നത്. എന്നാൽ യഥാർത്ഥത്തിൽ നാല് അങ്കണവാടികളുടെ പ്രവൃത്തികൾ ഭാഗികമായി ചെയ്തിരിക്കുന്നു. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, വാഷ്ബേസിൻ തുടങ്ങിയ ഇനങ്ങളൊന്നും നടത്തിയിട്ടില്ല. 3,16,714/- രൂപ അടങ്കലിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 1,52,663/- രൂപയുടെ പ്രവൃത്തികൾ മാത്രമാണ് നാളിതുവരെ നടന്നിട്ടുള്ളത്. അളവ് പുസ്തക പ്രകാരം അവസാന പ്രവൃത്തി നടന്നത് 27.5.2020 നാണ്. ഇതിനു ശേഷം ബിൽ കണക്കാക്കിയിട്ടുണ്ടെങ്കിലും ഇതു ആദ്യ ബില്ലാണോ, ഫൈനൽ ബില്ലാണോയെന്ന് വ്യക്തമല്ല. പ്രവൃത്തികൾ അപൂർണ്ണമായി അവസാനിപ്പിക്കാനുണ്ടായ സാഹചര്യവും വ്യക്തമല്ല.

മേൽ വിവരിച്ച പ്രകാരം സെപ്റ്റിക് ടാങ്ക് സ്ഥാപിക്കാൻ മണ്ണ് പ്രവൃത്തി പ്രത്യേകം ഉൾപ്പെടുത്താനുണ്ടായ സാഹചര്യവും, മറ്റപാകതകളും വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ്

എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, എസ്റ്റിമേറ്റിൽ തെറ്റായി മണ്ണ് പ്രവൃത്തി ഉൾപ്പെടുത്തിയതു മൂലമുണ്ടായ അധിക ചെലവ് എസ്റ്റിമേറ്റ് തയ്യാറാക്കിയ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-14 പ്രവൃത്തി പൂർത്തീകരിച്ച് തുക നൽകിയ ശേഷം പ്രോജക്ട് ഭേദഗതി - വകയിരുത്തിയതിൽ കൂടുതൽ ചെലവ്

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : വട്ടക്കണ്ടി കരിമ്പാനത്തിൽ റോഡ് ടാറിംഗ്, 167/21

അടങ്കൽ : 2,75,000/-

2019-20 വർഷത്തിൽ 2,72,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും 3,000/- രൂപ തനതു ഫണ്ട് അടങ്കലിലും തയ്യാറാക്കിയതാണ് ഈ പദ്ധതി. ഈ പ്രോജക്ടിലെ പ്രവൃത്തികൾ അളവു പുസ്തക പ്രകാരം 2019-20 വർഷാവസാനത്തിൽ പൂർത്തീകരിച്ച് ബിൽ ട്രഷറിയിൽ സമർപ്പിച്ചു. എന്നാൽ ഈ തുക ക്യൂ ബില്ലാകുകയും, പിന്നീട് ഈ പ്രോജക്ട് സ്പിൽ ഓവർ പദ്ധതിയായി 2020-21 ലേയ്ക്ക് ഉൾപ്പെടുത്തി ബിൽ നമ്പർ 28/28.4.2020 പ്രകാരം കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 23.7.2020 ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഈ പദ്ധതി ഭേദഗതി ചെയ്യാൻ തീരുമാനിക്കുകയും, ഫണ്ടിനം ധനകാര്യകമ്മീഷൻ ഗ്രാന്റ് 2,72,000/- രൂപയിൽ നിന്ന് 2,45,089/- രൂപയായും, 3,000/- രൂപ തനതുഫണ്ടെന്നത് 29,911/- രൂപയായും മാറ്റാൻ തീരുമാനിക്കുകയും ഭരണസമിതിയിലേയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തു. ഇതു പ്രകാരം 22.10.2020 ന് അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥൻ വെറ്റിംഗ് ചെയ്ത് ഭേഗതി നടത്തി. മുൻവർഷത്തിൽ 2,72,000/- രൂപ ചെലവഴിച്ചിട്ടും ഇത്തരത്തിൽ പ്രോജക്ട് ഭേദഗതി ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമല്ല. പ്രോജക്ടിൽ ചെലവു നടന്ന ശേഷം പദ്ധതി ഭേദഗതി ചെയ്തതിനാൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവഴിച്ച രീതിയിലാണ് ഐ.കെ.എം. ചെലവ് പത്രികയിലുള്ളത്. പദ്ധതി പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകൾ ഉപയോഗപ്പെടുത്തുന്ന സുലേഖ സോഫ്റ്റ് വെയറിന്റെ പോരായ്മയും, പഞ്ചായത്തിലെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള ഏകോപനമില്ലായ്മയും ഇതിൽ നിന്നും വ്യക്തമാകുന്നു.

മേൽ അപാകതകൾ ഉണ്ടാകാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും സ്ഥാപനത്തിലെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള ഏകോപനമില്ലായ്മ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-15 തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും മറ്റപാകതകളും

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : പുതിയടുത്ത് കുളം സംരക്ഷണം, 242/21

അടങ്കൽ : 9,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് : 6,83,367/- ബിൽ നം. 266/29.3.2021

2019-20 വർഷത്തിൽ 13,00,000/- രൂപ അടങ്കലിൽ ബഹുവർഷ പ്രോജക്ടായി തയ്യാറാക്കിയതാണ് ഈ പദ്ധതി. 4,00,000/- രൂപ വികസനഫണ്ട് ജനറലും 9,00,000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റും വകയിരുത്തിയ പദ്ധതിയ്ക്ക് ആദ്യ വർഷം ചെലവുണ്ടായില്ല. എന്നാൽ തുടർ വർഷത്തിൽ അടങ്കൽ തുക 9,00,000/- രൂപ ആയി കുറച്ചു. നിലവിലുള്ള കുളത്തിന്റെ പഴയ കെട്ട് പൊളിച്ച് ഡി.ആർ. കെട്ടുന്നതിനും കുളം വൃത്തിയാക്കലുമാണ് പ്രവർത്തനങ്ങൾ. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

. നവീകരണ പ്രവൃത്തിയിൽ ആദ്യമായി നടന്നത് രണ്ടാമത്തെ ഐറ്റമായി ഉൾപ്പെടുത്തിയ ബ്രിക്ക്

വർക്ക് ഡിമോലിഷനാണ്. അളവു പുസ്തക പ്രകാരം 93.6m3 അളവിൽ ബ്രിക്ക് പൊളിച്ചെടുക്കുകയും 40.68 M3 അളവിൽ ഉപയോഗക്ഷമായ കല്ലുകൾ സ്റ്റാക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ കല്ലുകൾ തുടർന്നുള്ള പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടില്ല. വലിയ അളവിലുള്ള ഈ കല്ലുകൾ പിന്നീടെന്തു ചെയ്തുവെന്ന് വ്യക്തമല്ല.

- ഡി. ആർ പ്രവൃത്തി ചെയ്യുന്നതിന് 59.2 മീറ്റർ നീളത്തിൽ രണ്ടു മീറ്റർ വീതിയിലും 40cm ആഴത്തിലും മണ്ണെടുത്തിട്ടുണ്ട്. ഇതിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DAR ലെ ഐറ്റം 2.8.1 ആണ്. ഇതിന്റെ വിവരണം പരിശോധിച്ചാൽ ഒന്നര മീറ്ററിൽ കുറഞ്ഞ വീതിയിൽ ട്രഞ്ചസ്/ഫൗണ്ടേഷൻ നിർമ്മിയ്ക്കുന്നതിനുള്ളതാണ് ഈ ഐറ്റം. എന്നാൽ ഇവിടെ രണ്ടു മീറ്റർ വീതിയിൽ മണ്ണെടുത്തതിന് ഈയിനം ഉൾപ്പെടുത്തി തുക നൽകിയതു മൂലം പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായി.

| ഉൾപ്പെടുത്തിയ ഇനം/അളവ്/നൽകിയ തുക | നൽകാവുന്ന തുക/അധിക ചെലവ് |
|---|---|
| 2.8.1. All Kinds Of Soil<br>47.36m3 X 219.71 = 10405.46 | Item 2.6.1 പ്രകാരം @ 166.3<br>47.36m3 X 166.3 = 7876 |
| അധികം നൽകിയത് | 2,529/- |

- ബഹുവർഷ പദ്ധതിയായി തയ്യാറാക്കിയെങ്കിലും ആദ്യ വർഷത്തിൽ പ്രവൃത്തി ആരംഭിക്കാത്തതിനാൽ ചെലവു നടത്താൻ സാധിക്കാതെ വരികയും മുഴുവൻ തുകയും തുടർ വർഷത്തിൽ കണ്ടെത്തേണ്ടതായും വന്നു. ഇതു മൂലം ബഹുവർഷ പദ്ധതിയുടെ ഗുണം ലഭ്യമാക്കാൻ സാധിച്ചില്ല.

പൊളിച്ചെടുത്ത കല്ല് സംബന്ധിച്ച വിവരം ലഭ്യമാക്കാനും മേൽ അപാകതകളിലേയ്ക്ക് നയിച്ച സാഹചര്യം വിശദീകരിക്കാനും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. പൊളിച്ചെടുത്ത കല്ല് ലേലം ചെയ്തിട്ടുണ്ടായിരുന്നോയെന്നും ഉണ്ടെങ്കിൽ ഇതിലൂടെ ലഭിച്ച വരവിന്റെ വിശദാംശവും ലേലം ചെയ്തിട്ടില്ലെങ്കിൽ ആയത് നടത്തി ലഭിച്ച വരവിന്റെ വിവരവും ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്. തെറ്റായ ഇനം ഉൾപ്പെടുത്തിയതു മൂലമുണ്ടായ അധിക ചെലവ് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-16 തൻവർഷ പദ്ധതി ചെലവ് തുച്ഛം - മൂന്നിൽ രണ്ട് ചെലവും സ്പിൽ ഓവർ പദ്ധതികൾക്ക്

2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കിയത് സ്പിൽ ഓവർ പദ്ധതികളടക്കം ആകെ 127 പ്രോജക്ടുകളാണ്. ഇതിൽ 65 എണ്ണവും മുൻവർഷത്തിൽ നിന്നുള്ള സ്പിൽ ഓവർ പദ്ധതികളാണ്. ബാക്കി 62 പദ്ധതികളാണ് തൻവർഷം പുതുതായി രൂപീകരിച്ചത്. 2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി വകയിരുത്തിയതിൽ 57.99% ചെലവാണ് ഉണ്ടായിട്ടുള്ളത്. ഇതിൽ ചെലവിന്റെ 71.26% ഉം സ്പിൽ ഓവർ പദ്ധതികളുടെ നിർവ്വഹണത്തിനായാണ് വിനിയോഗിച്ചതെന്നും വ്യക്തമാകുന്നു. ഫണ്ടിനം തിരിച്ച വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ തുക | ചെലവ് തുക | സ്പിൽ ഓവർ പദ്ധതി | | |
|---|---|---|---|---|---|
| | | | അടങ്കൽ | ചെലവ് | ചെലവ് % |
| വികസനഫണ്ട് - ജനറൽ | 12,68,628 | 6,67,107 | 12,68,628 | 6,67,107 | 100% |

| | | | | | |
|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,42,64,648 | 95,56,250 | 91,77,843 | 88,72,883 | 92.85% |
| തനതുഫണ്ട് | 1,36,51,061 | 86,75,146 | 37,29,441 | 31,84,590 | 36.71% |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 96,52,917 | 57,82,192 | 55,70,926 | 37,58,643 | 65% |
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | 46,18,587 | 18,06,588 | 25,18,587 | 17,68,994 | 97.92% |
| സംസ്ഥാനാവിഷ്കൃതം | 25,82,716 | 11,52,663 | 13,16,714 | 11,52,663 | 100% |
| കേന്ദ്രാവിഷ്കൃതം | 36,000 | -- | -- | -- | -- |
| ബ്ലോക്ക് പഞ്ചായത്ത് | 1,25,000 | -- | -- | -- | -- |
| മറ്റുള്ളവ | 32,19,300 | 10,15,755 | 10,21,300 | 10,15,755 | 100% |
| ആകെ | 4,94,18,857 | 2,86,55,701 | 2,46,03,439 | 2,04,20,635 | 71.26% |

മേൽ കണക്കുകൾ പരിശോധിച്ചാൽ സർക്കാർ ഗ്രാന്റുകളുടെ ചെലവിന്റെ (സംരക്ഷണഗ്രാന്റ് റോഡൊഴികെ) 95% ൽ അധികവും ചെലവഴിച്ചത് സ്പിൽ ഓവർ പദ്ധതിയ്ക്കാണെന്ന് കാണാം. 2019-20 വർഷത്തിൽ ലഭിച്ച വിവിധ ഫണ്ടിനങ്ങളിൽ ചെലവഴിക്കാതെ സർക്കാരിലേയ്ക്ക് 1,98,90,687/- രൂപ തിരിച്ചെടുക്കപ്പെട്ടിട്ടുണ്ട്. മുൻവർഷത്തിൽ ലാപ്സായ തുകയുടെ ഫണ്ടിനം തിരിച്ച വിവരവും (മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം), 2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ സ്പിൽ ഓവർ പദ്ധതികൾക്കായി ഈയിനം ഫണ്ടുകളിലുണ്ടായ ചെലവ് തുകയും, ക്യൂ ബില്ലായവയുടെ വിവരവും ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | തിരിച്ചെടുക്കപ്പെട്ട തുക | 2020-21 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയ്ക്ക് ചെലവഴിച്ച തുക | മുൻവർഷം ക്യൂ ബില്ലായ തുക |
|---|---|---|---|
| വികസനഫണ്ട് – ജനറൽ | 20,10,236 | 6,67,107 | 4,90,953 |
| വികസനഫണ്ട് – എസ്.സി.പി. | 10,49,500 | -- | -- |
| വികസനഫണ്ട് – ടി.എസ്.പി. | 1,69,000 | -- | -- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 98,46,990 | 88,72,883 | 37,16,045 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 40,43,932 | 37,58,643 | 11,59,803 |

| | | | |
|---|---|---|---|
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | 27,71,029 | 17,68,994 | 6,28,169 |
| ആകെ | | | 59,94,970 |

മുൻവർഷത്തിൽ സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കാതിരുന്നതിനാൽ നഷ്ടപ്പെട്ട തുകയുടെ ഭൂരിഭാഗവും തുടർവർഷത്തിൽ സ്പിൽ ഓവർ പദ്ധതികളുടെ നിർവ്വഹണത്തിനായി ഉപയോഗിക്കേണ്ടി വന്നു. 2019-20 വർഷത്തെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാതെ/വൈകി പൂർത്തീകരിച്ച് ബിൽ തുക നൽകിയതിനാൽ പല ബില്ലുകളും ക്യൂ ബില്ലാവുകയും, ഇവയെല്ലാം സ്പിൽ ഓവർ പദ്ധതികളായി തുടരേണ്ടി വരികയും ഇതിനുള്ള ഫണ്ട് 2020-21 വർഷത്തെ പ്രവൃത്തികൾക്കായി/വികസനപ്രവർത്തനങ്ങൾക്ക് ലഭിച്ച തുകയിൽ നിന്ന് നൽകുകയും ആയതിനെ തുടർന്ന് തൻവർഷ പദ്ധതികൾക്ക് തുക തികയാത്ത അവസ്ഥയുമുണ്ടായി.

പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ സമഗ്രതയോടെയും, യഥാർത്ഥ ആവശ്യങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കാത്തതിനാൽ എസ്റ്റിമേറ്റുകൾ പുതുക്കുന്ന അവസ്ഥ പഞ്ചായത്തിൽ നിലനിൽക്കുന്നതായി ഓഡിറ്റിൽ വ്യക്തമായി. കൂടാതെ പ്രവൃത്തികൾക്കുള്ള കരാർ സമയബന്ധിതമായി ചമച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വരുത്തുന്നത് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. ഇത് സ്പിൽ ഓവർ പ്രവൃത്തികളുടെയടക്കം പൂർത്തീകരണത്തിന്റെ കാലതാമസത്തിനും, വർഷാവസാനത്തേക്ക് കൂട്ടമായി ബിൽ സമർപ്പിക്കുന്നതിലേക്കും നയിച്ചിട്ടുണ്ട്.

തൻവർഷ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും ലഭ്യമായ ലക്ഷക്കണക്കിനു രൂപ ഇതു മൂലം മുൻവർഷ പദ്ധതികൾക്കായി വിനിയോഗിക്കേണ്ടി വരികയും തൻവർഷത്തിൽ പ്രദേശത്തെ ജനതയ്ക്ക് ലഭ്യമാക്കാമായിരുന്ന സേവനങ്ങൾക്കുള്ള അവസരം നഷ്ടപ്പെടുത്തുകയും ചെയ്തു. ഇത്തരം സാഹചര്യങ്ങൾ ഭാവിയിലെങ്കിലും ഒഴിവാക്കുന്ന രീതിയിൽ പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള അപാകതകൾ പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയം തുടർ വർഷത്തിൽ പരിശോധനക്ക് വിധേയമാക്കുന്നതാണ്. പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്താതിരുന്നതിന്റെ കാരണവും, സർക്കാർ ഫണ്ടുകൾ നഷ്ടപ്പെടുത്തുന്ന സാഹചര്യവും വ്യക്തമാക്കേണ്ടതാണ്.

### 1-17 പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - അടക്കുന്ന തുകയുടെ കൃത്യത ഉറപ്പു വരുത്തുന്നില്ല

ഗ്രാമപഞ്ചായത്തു പരിധിയിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഓഡിറ്റ് വർഷം വാർഷിക കണക്കു പ്രകാരം 1,31,256/- രൂപ ( റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP – 12 പ്രകാരം ) കേരളാ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തു പരിധിയിലെ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകൾക്ക് ബാധകമായ തുകയാണോ വെള്ളക്കരം ഇനത്തിൽ അടവാക്കുന്നത് എന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഇതിനായി ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുള്ള പൊതു ടാപ്പുകൾ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അവ നിലവിൽ

പ്രവർത്തനക്ഷമമാണോയെന്നും കേരളാ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 3/2020-21 തീയതി 15.6.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് കേരളാ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്ക് ബാധകമായ തുകയാണ് വെള്ളക്കരം ഇനത്തിൽ അടവാക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

### 1-18 തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് അടവാക്കൽ - അടക്കുന്ന തുകയുടെ കൃത്യത ഉറപ്പു വരുത്തുന്നില്ല

ഗ്രാമപഞ്ചായത്തു പരിധിയിലെ തെരുവു വിളക്കുകളുടെ വൈദ്യുത ചാർജിനത്തിൽ ഓഡിറ്റ് വർഷം വാർഷിക കണക്ക പ്രകാരം 1,46,034/- രൂപ ( റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP – 13 പ്രകാരം ) കെ. എസ്. ഇ. ബി. യിൽ അടച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തു പരിധിയിലെ പ്രവർത്തനക്ഷമമായ തെരുവു വിളക്കുകൾക്ക് ബാധകമായ തുകയാണോ വൈദ്യുത ചാർജിനത്തിൽ അടവാക്കുന്നത് എന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഇതിനായി ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുള്ള തെരുവു വിളക്കുകൾ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അവ നിലവിൽ പ്രവർത്തനക്ഷമമാണോയെന്നും കെ. എസ്. ഇ. ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 4/2020-21 തീയതി 15.6.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് കെ. എസ്. ഇ. ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവു വിളക്കുകൾക്ക് ബാധകമായ തുകയാണ് വൈദ്യുത ചാർജിനത്തിൽ അടവാക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

### 1-19 ഗ്രാമപഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ വാങ്ങൽ - അപാകതകൾ

പ്രോജക്ട് നം. 26/20-21 – ഗ്രാമപഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ വാങ്ങൽ

അടങ്കൽ : 2945230/- (തനത് ഫണ്ട്)

ചെലവ് : 278579/- (ചെക്ക് നം. XY-5018754/04.03.2021)

നിർവ്വഹണം : സെക്രട്ടറി

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിലേയ്ക്കാണ് പ്രോജക്ട്. വാങ്ങലിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു :

| വിതരണ ഏജൻസി | ഇൻവോയിസ് നം./തീയതി | തുക | വിവരണം |
|---|---|---|---|
| കെൽട്രോൺ | TVM/ITBG/P1/ RC/22423/20-21 | 2,78,579/- | Desktop-Intel Processor-Medium End-Windows 10 Prof; Intel Core I3 Processor – 7 Units |

പദ്ധതി ഫയൽ പരിശോധിച്ചതിൽ, ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു:

1. വാങ്ങിയ കമ്പ്യൂട്ടറുകൾ സ്റ്റോക്കിൽ എടുത്തതിന്റെയോ വിതരണം നടത്തിയതിന്റെയോ രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

2. സപ്ലൈ ഓർഡർ പ്രകാരമുള്ള സ്പെസിഫിക്കേഷൻ ഉള്ള കമ്പ്യൂട്ടറുകൾ തന്നെയാണ് വിതരണം ചെയ്തിരിക്കുന്നത് എന്ന് പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ, സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 1/13.06.2021 – ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് നം. 123/20-21 – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ : 1,50,000/- (വികസന ഫണ്ട് - എസ്.സി.പി)

ചെലവ് : 1,50,000/- (BRN-20170352010900034302/11.04.2020-75,000/-)

(BRN-20170352010900034303/03.02.2021-75,000/-)

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കുന്നതിനാണ് പ്രോജക്റ്റ്. മേൽ ബില്ലുകൾ പ്രകാരം സുധ. എ.ടി. എന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകിയിരിക്കുന്നു. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് :

1. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആനുകൂല്യം ലഭിച്ച മേൽ പ്രസ്താവിച്ച വ്യക്തിയുടെ അർഹത ഓഡിറ്റിന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

2. ടി ഗുണഭോക്താവിന് എസ്. സി വകുപ്പിൽ നിന്നും ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 20/17.06.2022 – ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-21 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം. 121/20-21 – പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

അടങ്കൽ : 2,11,500/- (വികസന ഫണ്ട് – എസ്.സി.പി)

ചെലവ് : 1,36,218/- (BRN-20170352010900034304/11.04.2020-75,000/-)

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

വിദ്യാർത്ഥികൾക്ക് പഠന സൗകര്യാർത്ഥം ലാപ് ടോപ്പുകൾ വിതരണം ചെയ്യുന്നതിനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു:

1. ഇൻവോയിസ് നം. TVM/ITBG/PI/RC/14072/19-20; തീയതി 19.01.2020 പ്രകാരം പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ 6 ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. വിതരണം ചെയ്ത ലാപ് ടോപ്പുകൾ മീഡിയം എന്റ് ഉബണ്ടു, ഇന്റൽ കോർ I3 7020U പ്രോസസ്സർ, 4GB RAM, 500GB ഹാർഡ് ഡിസ്ക് എന്നീ സ്പെസിഫിക്കേഷനോടു കൂടിയവയാണെന്ന് ഇൻവോയിസിൽ രേഖപ്പെടുത്തിയിരിക്കുന്നു. യൂണിറ്റൊന്നിന് 22,703/- രൂപ നിരക്കിൽ ആകെ 1,36,218/- രൂപയാണ് ക്ലെയിം. എന്നാൽ മേൽപ്പറഞ്ഞ സ്പെസിഫിക്കേഷൻ ഉള്ളവയാണ് വിതരണം ചെയ്തതിരിക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ ഈ വിഷയത്തിൽ പ്രാവീണ്യമുള്ള പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. സ.ഉ നം.2956/2018/തസ്വഭവ; തീയതി 21.11.2018 – ലെ നിർദ്ദേശപ്രകാരം വിദ്യാർത്ഥികൾക്ക് വാങ്ങി നൽകുന്ന ലാപ് ടോപ്പുകൾക്ക് 3 വർഷത്തെ 'Comprehensive Onside OEM Warranty Including Battery & Charger' ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ മേൽ വിവരിച്ച ലാപ് ടോപ്പുകളുടെ ബാറ്ററിക്കും ചാർജ്ജറിനും ഒരു വർഷത്തെ വാറന്റി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. ലാപ് ടോപ്പുകൾ സ്റ്റോക്കിൽ എടുത്ത് സാക്ഷ്യപ്പെടുത്തുകയോ വിതരണ വിവരം ഫയലിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4. പഞ്ചായത്ത് കമ്മിറ്റി തീരുമാന വിവരം, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 21/17.06.2022 - ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

### 1-22 സാക്ഷരതാ കേന്ദ്രങ്ങളിൽ ഫർണ്ണീച്ചർ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം. 105/20-21 – സാക്ഷരതാ കേന്ദ്രങ്ങളിൽ ഫർണ്ണീച്ചർ വാങ്ങൽ

അടങ്കൽ : 50,000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)

ചെലവ് : 39,950/- (ബിൽ നം. BRN-20170352010801423396/23.03.2021)

നിർവ്വഹണം : സെക്രട്ടറി

സാക്ഷരതാ കേന്ദ്രങ്ങളിലേക്ക് കസേരകൾ വാങ്ങി നൽകുന്നതിനാണ് പ്രോജക്ട്. പഞ്ചായത്ത് ഭരണസമിതിയുടെ 15.02.2021 - ലെ തീരുമാനം നം. 6 പ്രകാരം യുക്താസ് സ്റ്റീൽ ഷോറൂം, വില്ല്യാപ്പള്ളി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. നം. എ2-7069/20; തീയതി 16.02.2020 പ്രകാരം 470/- രൂപ നിരക്കിൽ 85 എണ്ണം Esquire(Comfort) Armed Chair Model No. 2001 – ന് പർച്ചേസ് ഓർഡർ നൽകുകയും ഇൻവോയിസ് നം. 474/24.3.21 പ്രകാരം 39,950/- രൂപയുടെ സാധനങ്ങൾ സപ്ലൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു :

1. സപ്ലൈ ഓർഡർ പ്രകാരമുള്ള മോഡൽ കസേരകൾ തന്നെയാണോ വിതരണം ചെയ്തിട്ടുള്ളത് എന്നും അവ മതിയായ ഗുണനിലവാരം ഉള്ളവയാണോ എന്നും ബന്ധപ്പെട്ടവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. വിതരണ കമ്പനിയുമായി പഞ്ചായത്ത് കരാർ ചമച്ചിട്ടില്ല.

3. സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 11/17.06.2022 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-23 ഐ.കെ.എം വിഹിതം നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം. 43/20-21 – ഐ.കെ.എം വിഹിതം അടവാക്കൽ

അടങ്കൽ : 72,896/- (വികസന ഫണ്ട്)

ചെലവ് : 72,896/- (ബിൽ നം. BRN-20170352010800273601/09.06.2020)

നിർവ്വഹണം : സെക്രട്ടറി

പഞ്ചായത്തിന്റെ ഐ.കെ.എം വിഹിതം നൽകൽ എന്ന പദ്ധതിയ്ക്കായി മേൽ രേഖപ്പെടുത്തിയ പ്രകാരം തുക കൈമാറിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് :

1. ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2. ഇൻഫർമേഷൻ കേരള മിഷന്റെ കത്ത് നം. ഐ.കെ.എം/എ7/894/2020; തീയതി 18.03.2020 പ്രകാരം പ്രവർത്തന ഫണ്ടിനത്തിൽ 2015-16 മുതൽ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു :

| വർഷം | ഡിമാന്റ് (രൂ.) | അടവാക്കിയത് (രൂ.) | ബാക്കി (രൂ.) |
|---|---|---|---|

| | | | |
|---|---|---|---|
| 2015-16 | 41853 | 0 | 41853 |
| 2016-17 | 44663 | 41853 | 2810 |
| 2017-18 | 64830 | 50000 | 14830 |
| 2018-19 | 70728 | 100000 | -29272 |
| 2019-20 | 70055 | 100000 | -29945 |
| 2020-21 | 72620 | 0 | 72620 |
| ആകെ | 364749 | 291853 | 72896 |

3. 2018-19 – ലും 2019-20 – ലും അധികം തുക അടവാക്കിയതിന്റെ സാഹചര്യം വ്യക്തമല്ല.

4. മുൻ വർഷങ്ങളിൽ ഐ.കെ.എം വിഹിതം കുടിശ്ശികയാകാനുണ്ടായ സാഹചര്യം വ്യക്തമല്ല.
പ്രസ്തുത വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 10/15.06.2022 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-24 ജലജീവൻ പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം. 274/20-21 – ജലജീവൻ പദ്ധതി

അടങ്കൽ : 23,50,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്);

4,50,000/- (തനത് ഫണ്ട്); 12,00,000/- (മറ്റുള്ളവ)

ചെലവ് : 4,50,000/- (ചെക്ക് നം. 5018778/29.03.2021)

നിർവ്വഹണം : സെക്രട്ടറി

പഞ്ചായത്തിലെ 200 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ (FHTC) നൽകുന്നതിന് ജില്ലാ ജല ശുചിത്വമിഷന്റെ ഉത്തരവ് നം. 939/ഡിഡി/ഡിപിഒ/ കെകെഡി; തീയതി 21.08.2020 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നം. GO(Rt)541/2020/WRD തീയതി 21.08.2020 പ്രകാരം 38.5 ലക്ഷം രൂപയുടെ പ്രവൃത്തിയ്ക്ക് ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് നം. ഡി1/132/JJM/2020 തീയതി 15.10.2020 പ്രകാരം പ്രസ്തുത പദ്ധതിക്കായി പഞ്ചായത്ത് വിഹിതമായ (15%) 5.78 ലക്ഷം രൂപയും ഗുണഭോക്തൃ വിഹിതമായ (10%) 3.85 ലക്ഷം രൂപയും സമാഹരിച്ച് ജല ജീവൻ മിഷൻ പദ്ധതിക്കായുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് വിവരം അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതിൻ പ്രകാരം 4,50,000/- രൂപ പ്രസ്തുത പദ്ധതിക്കായി വടകര എസ്.ബി.ഐ യുടെ അക്കൗണ്ട് നം. 67144992708 - ൽ നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് :

1. പഞ്ചായത്ത് വിഹിതമായ (15%) 5.78 ലക്ഷം രൂപ നിക്ഷേപിക്കേണ്ടിടത്ത് 4,50,000/- രൂപ മാത്രം നിക്ഷേപിച്ചതിന്റെ സാഹചര്യം വ്യക്തമല്ല.

2. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം 1,925/- രൂപ വീതമാണ്. ആയത് സ്വരൂപിച്ചതിന്റെയോ ജലജീവൻ മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഒടുക്കിയതിന്റേയോ വിവരം ഫയലിൽ ലഭ്യമല്ല.

3. ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റ് പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല.

4. കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് നം. D2/JJM/2020 തീയതി 15.10.2020 - ൽ പരാമർശിച്ചിരിക്കുന്നത് ഗ്രാമപഞ്ചായത്ത് ആകെ 47 ഗുണഭോക്താക്കളുടെ ലിസ്റ്റ് മാത്രമാണ് നൽകിയിട്ടുള്ളതെന്നും ടി പദ്ധതി പ്രകാരമുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും കണക്ഷൻ നൽകാൻ സാധിക്കുമെന്നതിനാൽ പൂർണ്ണ ലിസ്റ്റ് സമർപ്പിക്കേണ്ടതാണെന്നുമാണ്. ഇതിൽ തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 5/15.06.2022 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 എസ്.എസ്.എ പദ്ധതി - തുടർ നിരീക്ഷണത്തിൽ അനാസ്ഥ

പ്രോജക്ട് നം. 2/20-21 – എസ്.എസ്.എ വിഹിതം കൈമാറൽ

അടങ്കൽ : 4,00,000/- (വികസന ഫണ്ട്)

ചെലവ് : 4,00,000/- (BRN-20170352010800279389/22.06.2020)

നിർവ്വഹണം : സെക്രട്ടറി

1. മെച്ചപ്പെട്ട വിദ്യാഭ്യാസ സാഹചര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2020-21 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ എസ്.എസ്.എ പദ്ധതിയുടെ തുടർ നിരീക്ഷണം തീർത്തും പരാജയപ്പെട്ട അവസ്ഥയിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസർ നൽകിയ 2020-21 വർഷത്തെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം 2020-21 വർഷം ഗ്രാമ പഞ്ചായത്തിലെ എൽ. പി, യു. പി സ്കൂളുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളിൽ സൗജന്യ പുസ്തക വിതരണം, നൂതനമായ പ്രവർത്തനങ്ങൾ, ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP), അദ്ധ്യാപക പരിശീലനം, രാഷ്ട്രീയ ആവിഷ്ക്കാർ അഭിയാൻ, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രൊവിഷൻ (CWSN), പദ്ധതി മോണിട്ടറിംഗ് എന്നീ വിഭാഗങ്ങളിലായി തുക വകയിരുത്തിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ എൽ.പി, യു.പി സ്കൂളുകളിൽ മേൽ പരാമർശിച്ച മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും അടിസ്ഥാന സൗകര്യങ്ങൾ എത്രത്തോളം പുരോഗമിച്ചുവെന്നതിനെക്കുറിച്ചും യാതൊരുവിധ തുടർ നിരീക്ഷണവും അധികൃതരുടെ ഭാഗത്തു നിന്നും നാളിതുവരെയും ഉണ്ടായിട്ടില്ല. എല്ലാ വർഷവും വിദ്യാഭ്യാസമേഖലയുടെ ഉന്നമനത്തിനായി ഇപ്രകാരം ഭീമമായ തുക ചെലവഴിക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസമേഖലക്ക് എത്രത്തോളം പ്രയോജനം സിദ്ധിച്ചുവെന്നത് വിലയിരുത്തുകയോ നിരീക്ഷണത്തിനു വിധേയമാക്കുകയോ ചെയ്തിട്ടില്ലായെന്നത് അധികൃതരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ഗ്രാമപഞ്ചായത്തിലെ എത്ര എൽ.പി, യു.പി സ്കൂളുകൾക്ക് മേൽപ്പറഞ്ഞ വിഭാഗങ്ങളിലെ സൗകര്യങ്ങൾ എത്രത്തോളം പ്രായോഗികമായി നടപ്പാക്കി എന്നത് സംബന്ധിച്ച് സ്കൂളുകൾ കേന്ദ്രീകരിച്ച് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഒരു അവലോകനം നടത്തേണ്ടതും അതിലൂടെ ഫണ്ട് വിനിയോഗം ശരിയായി നടപ്പാകുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

2. എസ്.എസ്.എ വിഹിതം കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 12/17.06.2022 - ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## 1-26 പദ്ധതി രൂപീകരണം നിർവ്വഹണം മോണിട്ടറിംഗ് - ചെലവ് വിവരം ലഭ്യമല്ല

പ്രോജക്ട് നം. 4/20-21 – പദ്ധതി രൂപീകരണം നിർവ്വഹണം നിർവ്വഹണം – മോണിട്ടറിംഗ് ചെലവുകൾ

അടങ്കൽ : 2,00,000/- (വികസന ഫണ്ട്); 1,00,000/- (തനത് ഫണ്ട്)

ചെലവ് : 1,43,935/- (BRN20170352010800273605/19.06.2020)

നിർവ്വഹണം : സെക്രട്ടറി

മേൽ ബിൽ പ്രകാരം പത്രപ്പരസ്യം ഇനത്തിൽ ആകെ 26,989/- രൂപ ദേശാഭിമാനി ദിനപത്രത്തിന് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ദേശാഭിമാനി പത്രത്തിന്റെ ഇൻവോയിസ് നം. CLT/20-21/0076; തീയതി. 11.04.2020 പ്രകാരം 8,996/- രൂപയും, ഇൻവോയിസ് നം. CLT/20-21/0623; തീയതി. 04.06.2020 പ്രകാരം 10,282/- രൂപയും പ്രകാരം ആകെ 19,278/- രൂപയുടെ ഇൻവോയിസ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. ആകെ ചെലവ് തുകയിൽ 7,711/- രൂപയുടെ ചെലവ് വിവരം ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 2/13.06.2022 – ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

1-27 തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം. 4/20-21 – തെരുവ് വിളക്ക് സ്ഥാപിക്കൽ

അടങ്കൽ : 8,22,050/- (ധനകാര്യ കമ്മീഷൻ അവാർഡ്);

700/(തനത് ഫണ്ട്)

ചെലവ് : 8,22,000/-(BRN20170352010801159232/26.02.2021-4,44,000/-

BRN20170352010801287927/ 18.03.2021-3,78,000/-

നിർവ്വഹണം : സെക്രട്ടറി

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിലവിലുള്ള എൽ.ഇ.ഡി വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനാണ് പ്രോജക്ട്. കത്ത് നം. KLD/MKTG/2019-20/781 തീയതി 25.01.2020 പ്രകാരം 18W LED DOME LIGHT (NORMAL) 230V വിളക്ക് 2,000 രൂപ നിരക്കിലും 24W LED STREET LIGHT (AUTO ON/OFF) 230V വിളക്ക് 3,600/- രൂപ നിരക്കിലും നൽകാമെന്ന് കെൽട്രോൺ അറിയിച്ചതിനെത്തുടർന്ന് സപ്ലൈ ഓർഡർ നം. എ2-200/2020 തീയതി 10.02.2020 പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്യാൻ ആവശ്യപ്പെട്ടു. തുടർന്ന് 26.02.2020 – ന് കെൽട്രോണുമായി കരാർ ചമച്ചിട്ടുണ്ട്.

ഡെലിവറി ഇൻവോയിസ് നം. 3177/03.07.2020; 3225/24.07.2020 എന്നിവ പ്രകാരം 105 എണ്ണം 24W LED ലൈറ്റുകളും 222 എണ്ണം 18W LED DOME ലൈറ്റുകളും ഡെലിവറി ചെയ്തിട്ടുണ്ടെന്നും ഇൻസ്റ്റലേഷൻ കംപ്ലീറ്റ് സർട്ടിഫിക്കറ്റ് നം. KLD/MKTG/ 20-21/130 തീയതി 07.09.2020 പ്രകാരം ലൈറ്റുകൾ, പഞ്ചായത്ത് നിർദ്ദേശിച്ച സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു :

1. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കെൽട്രോണുമായി ചമച്ച കരാർ നിയമാനുസൃതമല്ല. പ്രസ്തുത ഉടമ്പടി, കരാർ രജിസ്റ്ററിൽ ചേർത്ത് നമ്പർ നൽകിയിട്ടില്ല. കരാറിൽ രണ്ടാം കക്ഷിയായ സെക്രട്ടറി ഒപ്പിട്ടില്ല.

2. മേൽ ഇൻവോയിസുകൾ പ്രകാരം കെൽട്രോൺ ലഭ്യമാക്കിയ ലൈറ്റുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയോ വിതരണ വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3. വിളക്കുകൾ എവിടെയെല്ലാം സ്ഥാപിക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

4. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ മാറ്റിയ പഴയ ലൈറ്റുകളുടെ സ്റ്റോക്ക് വിവരം ലഭ്യമല്ല.

5. പദ്ധതി നടത്തിപ്പിലൂടെ ലൈറ്റുകൾ സ്ഥാപിച്ചത് കെ.എസ്.ഇ.ബി അനുമതിയോടെയാണോ, ആയതിന് കെ.എസ്.ഇ.ബിക്ക് സൂപ്പർവിഷൻ ചാർജ്ജ് അടവാക്കിയിട്ടുണ്ടോ എന്നീ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

6. കെൽട്രോണിന്റെ കത്ത് നം. KLD/MKTG/20-21/131 തീയതി 07.09.2020 പ്രകാരം ഇൻസ്റ്റലേഷൻ തീയതി മുതൽ സ്ട്രീറ്റ് ലൈറ്റുകൾക്ക് രണ്ട് വർഷവും ഡോം ലൈറ്റുകൾക്ക് ഒരു വർഷവുമാണ് വാറന്റി ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ തെരുവ് വിളക്കുകളുടെ പരാതി/പരിപാലന രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല. ആയതിനാൽ പരാതി രേഖപ്പെടുത്തി വിവരം കെൽട്രോണിനെ അറിയിച്ചിട്ടുണ്ടോ, ആയവ പരിഹരിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ ലഭ്യമല്ല.

7. പദ്ധതി നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലും പൊതുമരാമത്ത് (വൈദ്യുതി/ഊർജ്ജം) വർക്കിംഗ് ഗ്രൂപ്പാണ് മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ ടി വർക്കിംഗ് ഗ്രൂപ്പിന്റെ ഇടപെടൽ പദ്ധതി നിർവ്വഹണത്തിന്റെ ഒരു ഘട്ടത്തിലും ഉണ്ടായതായി കാണുന്നില്ല. മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 9/13.06.2022 - ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

### 1-28 പെയിൻ ആൻഡ് പാലിയേറ്റീവ് - മാനേജ്മെന്റ് കമ്മറ്റി യോഗങ്ങൾ ചേരുന്നില്ല

പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനായി സ. ഉ (സാധാ) നം. 553/2019/ത.സ്വ.ഭ.വ. തിയ്യതി 07.03.2019 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖ. 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിന് മുൻപും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ടു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണം യോഗം ചേരേണ്ടതാണ്. ഇതിൽ ഓരോ മാസത്തെ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ – പി.എച്ച്.സി) അവതരിപ്പിക്കേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി അത് അംഗീകരിക്കേണ്ടതുമാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി 2020-21 വർഷത്തിൽ മതിയായ രീതിയിൽ യോഗം ചേരുകയോ അതിന്റെ പ്രവർത്തനാവലോകനം നടത്തുകയോ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി അവതരിപ്പിച്ച് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. 11/09/2020 – നു ശേഷം 06/09/2021 നു മാത്രമാണ് കമ്മറ്റി യോഗം ചേർന്നത്. ഇവിടെ രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിർദ്ദേശം പാലിക്കുകയുണ്ടായിട്ടില്ല.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള

ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച. മീ. യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതു മൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) നികുതി പ്രാബല്യത്തിൽ വന്ന വർഷം | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി നിരക്ക് | ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം | ബാധകമാക്കേണ്ട നികുതി നിരക്ക് | ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം | നഷ്ടം |
|---|---|---|---|---|---|---|
| 5/346 എ സി. എം, രവീന്ദ്രൻ. ചാലയിൽ മീത്തൽ, വില്യാപ്പള്ളി, 673542 (2014-15 മുതൽ പ്രാബല്യം) | 108.72 | 50 | 5980+299=6279 (മേഖല ഇളവ് 10%, വഴി സൗകര്യം 20% വർദ്ധനവ്) | 60 | 7176+359= 7535 | 2014-15 1196+60=1256<br>2015-16 1196+60=1256<br>2016-17 1196+60=1256<br>2017-18 1196+60=1256<br>2018-19 1196+60=1256<br>2019-20 1196+60=1256<br>2020-21 1196+60=1256<br>ആകെ 8372+420= 8792 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 5/346 ബി<br>രവീന്ദ്രൻ സി. എം, അനിത ചാലയിൽ മീത്തൽ, വില്യാപ്പള്ളി, 673542 (2015-16 മുതൽ പ്രാബല്യം) | 142.35 | 50 | 8541+428= 8969<br>വഴി സൗകര്യം 20% വർദ്ധനവ്) | 60 | 10250+513= 10763 | 2015-16 1709+85=1794<br>2016-17 1709+85=1794<br>2017-18 1709+85=1794<br>2018-19 1709+85=1794<br>2019-20 1709+85=1794<br>2020-21 1709+85=1794<br>ആകെ 10254+510= 10764 |
| 8/75 ബി<br>കുഞ്ഞിമൂസ്സ, മങ്ങാട്ട്, വില്ല്യാപ്പള്ളി, 673542 (2018-19 മുതൽ പ്രാബല്യം) | 137.62 | 50 | 6193+310=6503<br>(മേഖല ഇളവ് 10%, | 60 | 7432+372= 7804 | 2018-19 1239+62=1301<br>2019-20 1239+62=1301<br>2020-21 1239+62=1301<br>ആകെ 3717+186= 3903 |
| 8/75 സി<br>കുഞ്ഞിമൂസ്സ, മങ്ങാട്ട്, വില്ല്യാപ്പള്ളി, 673542 (2018-19 മുതൽ പ്രാബല്യം) | 219.3 | 50 | 8772+439=9211<br>(മേഖല ഇളവ് 10%, മേൽക്കൂര ഇളവ് 10%) | 60 | 10527+527= 11054 | 2018-19 1755+88=1843<br>2019-20 1755+88=1843<br>2020-21 1755+88=1843<br>ആകെ 5265+264= 5529 |
| 15/371 എ<br>1)കുഞ്ഞബ്ദുള്ള, വള്ളൂർക്കണ്ടിയൽ, കീഴൽ, 673104<br>2)അമ്മദ്, മാത്തിൽ കീഴൽ, 673104 (2014-15 മുതൽ പ്രാബല്യം) | 107.26 | 50 | 5605+281=5886<br>(മേഖല ഇളവ് 10%, വഴി സൗകര്യം 20% വർദ്ധനവ്)<br>(ഒന്നാം നില ഇളവ് – ആകെ നികുതിയുടെ 5%) | 60 | 6726+337= 7063 | 2014-15 561+28=589<br>2015-16 1121+56=1177<br>2016-17 1121+56=1177<br>2017-18 1121+56=1177<br>2018-19 1121+56=1177<br>2019-20 1121+56=1177<br>2020-21 1121+56=1177 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ആകെ<br>7287+364=<br>7651 |
| 15/371 ബി<br>1)കുഞ്ഞബ്ദുള്ള, വള്ളൂർക്കണ്ടിയൽ, കീഴൽ, 673104<br>2)അമ്മദ്, മാത്തിൽ കീഴൽ, 673104<br>(2014-15 മുതൽ പ്രാബല്യം) | 155 | 50 | 8099+405=8504<br>വഴി സൗകര്യം 20% വർദ്ധനവ്)(മേഖല ഇളവ് 10%,<br>(ഒന്നാം നില ഇളവ് – ആകെ നികുതിയുടെ 5%) | 60 | 9719+486=<br>10205 | 2014-15<br>810+41=851<br>2015-16<br>1620+81=1701<br>2016-17<br>1620+81=1701<br>2017-18<br>1620+81=1701<br>2018-19<br>1620+81=1701<br>2019-20<br>1620+81=1701<br>2020-21<br>1620+81=1701<br>ആകെ<br>10530+527=<br>11057 |
| ആകെ | | | | | | ആകെ<br>45425+2271=<br>47,696 |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. ഇതിന് വിശദീകരണം നൽകേണ്ടതും മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. (ഓഡിറ്റ് കാലയളവിലെ നഷ്ടം 8640+432 =9,072/- രൂപ )

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ - മണ്ണ് പ്രവൃത്തിയ്ക്ക് അധിക ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവുണ്ടായതും മറ്റപാകതകളും

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് പേര്/നമ്പർ : അങ്കണവാടികൾക്ക് ടോയ് ലെറ്റ് നിർമ്മാണം, 230/21

അടങ്കൽ : 3,16,714/- സംസ്ഥാനാവിഷ്കൃതംചെലവ് : 1,52,663/-

(വൗ. നം. 22000631/24.12.2020)

സെന്റർ നമ്പർ 93, 125, 103 എന്നീ അങ്കണവാടികളിലെ ടോയ് ലെറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി തയ്യാറാക്കിയതാണ് ഈ പ്രോജക്റ്റ്. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

- തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 21 -ാമത്തെ ഇനമായി ഉൾപ്പെടുത്തിയത് 15 ഫ്ലഷ് കപ്പാസിറ്റിയിൽ കുറവുള്ള മൂന്ന് റെഡിമെയ്ഡ് സെപ്റ്റിക് ടാങ്കുകൾ സ്ഥാപിക്കുന്നതിനായി (മൂന്ന് അങ്കണവാടികളിൽ) PRICE ലെ ഐറ്റം 51.19.ST1 ആണ്. ഇതിന്റെ വിവരണം പരിശോധിച്ചാൽ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള മണ്ണ് പ്രവൃത്തിയുൾപ്പെടെയുള്ള നിരക്കാണിതെന്ന് വ്യക്തമാണ്. എന്നാൽ സെന്റർ നമ്പർ 93, 95 എന്നിവിടങ്ങളിൽ സെപ്റ്റിക് ടാങ്കിനായി യഥാക്രമം 7.2m3, 6m3 മണ്ണ് പ്രവൃത്തി ഐറ്റം 2.8.1 പ്രകാരം ചെയ്തതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് അനുവദനീയമല്ല. ഈയിനത്തിൽ 2,900/- രൂപ (13.2 X 219.71 = 2,900/-) അധിക ചെലവ് ഉണ്ടായിട്ടുണ്ട്.
- എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം മൂന്ന് അങ്കണവാടികളുടെ ടോയ് ലെറ്റ് നിർമ്മാണ പ്രവൃത്തികളാണ് പദ്ധതിയിലുൾപ്പെടുത്തിയിരുന്നത്. എന്നാൽ യഥാർത്ഥത്തിൽ നാല് അങ്കണവാടികളുടെ പ്രവൃത്തികൾ ഭാഗികമായി ചെയ്തിരിക്കുന്നു. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, വാഷ് ബേസിൻ തുടങ്ങിയ ഇനങ്ങളൊന്നും നടത്തിയിട്ടില്ല.
- 3,16,714/- രൂപ അടങ്കലിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 1,52,663/- രൂപയുടെ പ്രവൃത്തികൾ മാത്രമാണ് നാളിതുവരെ നടന്നിട്ടുള്ളത്. അളവു പുസ്തകപ്രകാരം അവസാന പ്രവൃത്തി നടന്നത് 27.5.2020 നാണ്. ഇതിനു ശേഷം ബിൽ കണക്കാക്കിയിട്ടുണ്ടെങ്കിലും ഇതു ആദ്യ ബില്ലാണോ, ഫൈനൽ ബില്ലാണോയെന്ന് വ്യക്തമല്ല. പ്രവൃത്തികൾ അപൂർണ്ണമായി അവസാനിപ്പിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

മേൽ വിവരിച്ച പ്രകാരം സെപ്റ്റിക് ടാങ്ക് സ്ഥാപിക്കാൻ മണ്ണ് പ്രവൃത്തി പ്രത്യേകം

ഉൾപ്പെടുത്താനുണ്ടായ സാഹചര്യവും, മറ്റപാകതകളും വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, എസ്റ്റിമേറ്റിൽ തെറ്റായി മണ്ണ് പ്രവൃത്തി ഉൾപ്പെടുത്തിയതു മൂലമുണ്ടായ അധിക ചെലവ് എസ്റ്റിമേറ്റ് തയ്യാറാക്കിയ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

3-2 എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണം - എസ്റ്റിമേറ്റിലെ ഉയർന്ന നിരക്ക് അനുവദിച്ചു

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : എം.സി.എഫ്. ബിൽഡിംഗ് നിർമ്മാണം, 192/21

അടങ്കൽ : 11,00,000/- (10,00,000 – സംസ്ഥാനാവിഷ്കൃതം,

1,00,000 - തനതുഫണ്ട്)

ചെലവ് : 10,98,881/- (വൗ. നം. 22000750,22000751/4.2.2021)

എം.സി.എഫ് കേന്ദ്രത്തിന് കെട്ടിടനിർമ്മാണത്തിനായി തയ്യാറാക്കിയതാണ് ഈ പദ്ധതി. ഈ പ്രവൃത്തിയിൽ കെട്ടിടത്തിന്റെ ചുമർ മുകൾ ഭാഗം നെറ്റിട്ട് സംരക്ഷിക്കുന്നതിനായി ഉൾപ്പെടുത്തിയ ഇനം DAR ലെ ഐറ്റം 16.70.2 ആണ്. ഇത് പി.വി.സി. കോട്ട് ചെയ്ത ജി. ഐ. ചെയിൻ ലിങ്ക് ഫാബ്രിക് ഉപയോഗിച്ചുള്ള ഫെൻസിംഗിനായിട്ടുള്ളതാണ്. ഒരു ചതുരശ്ര മീറ്റർ ചെയ്യാൻ (കോസ്റ്റ് ഇൻഡക്സ് 38.24%) ഈയിനത്തിന്റെ നിരക്ക് 822.04/- രൂപയാണ്. ഈ നിർമ്മാണത്തിന്റെ ഫയൽ പരിശോധനയുടെ ഭാഗമായി കെട്ടിടത്തിന്റെ ഫോട്ടോകൾ ഓവർസിയർ ലഭ്യമാക്കുകയുണ്ടായി. ഇതു പ്രകാരം മേൽ വിവരിച്ച ഫെൻസിംഗ് പ്രവൃത്തിയ്ക്കായി ഉപയോഗപ്പെടുത്തിയത് നിരക്കു കുറഞ്ഞ പി.വി.സി. കോട്ടിംഗ് ഇല്ലാത്ത മെഷ് ആണെന്ന് വ്യക്തമാകുന്നു. ഈയിനം പ്രവൃത്തി DAR ൽ ഐറ്റം 16.70.1 ആയി ഉൾപ്പെട്ടിട്ടുണ്ട്. ഈയിനത്തിന് ഒരു ച. മീറ്ററിന് 766.49/- രൂപ മാത്രമാണുള്ളത്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം ചെയ്യാതിരുന്നിട്ടും, എസ്റ്റിമേറ്റിലെ ഉയർന്ന നിരക്ക് അനുവദിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഐറ്റം 16.70.1 പ്രകാരം നൽകേണ്ട തുക | ഐറ്റം 16.70.2 പ്രകാരം നൽകിയ തുക | അധികം നൽകിയത് |
|---|---|---|
| 92.78 X 766.49 = 71,115 | 92.78 X 822.04 = 76,269 | 5,154/- |

മേൽ വിവരിച്ച വിധം എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് ചെയ്ത പ്രവൃത്തിയ്ക്ക് കൂടിയ നിരക്ക് നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയിട്ടും ആയത് പരിഗണിക്കാതെ അളവു രേഖപ്പെടുത്തിയ ഓവർസിയറിൽ നിന്ന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

3-3 തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും മറ്റപാകതകളും

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : പുതിയടുത്ത് കുളം സംരക്ഷണം, 242/21

അടങ്കൽ : 9,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് : 6,83,367/- ബിൽ നം. 266/29.3.21

2019-20 വർഷത്തിൽ 13,00,000/- രൂപ അടങ്കലിൽ ബഹുവർഷ പ്രോജക്ടായി തയ്യാറാക്കിയതാണ് ഈ പദ്ധതി. 4,00,000/- രൂപ വികസനഫണ്ട് ജനറലും, 9,00,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും

വകയിരുത്തിയ പദ്ധതിയ്ക്ക് ആദ്യ വർഷം ചെലവുണ്ടായില്ല. എന്നാൽ തുടർവർഷത്തിൽ അടങ്കൽ തുക 9,00,000/- രൂപ ആയി കുറച്ചു. നിലവിലുള്ള കുളത്തിന്റെ പഴയകെട്ട് പൊളിച്ച് ഡി.ആർ. കെട്ടുന്നതിനും, കുളം വൃത്തിയാക്കലുമാണ് പ്രവർത്തനങ്ങൾ. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

- നവീകരണ പ്രവൃത്തിയിൽ ആദ്യമായി നടന്നത് രണ്ടാമത്തെ ഐറ്റമായി ഉൾപ്പെടുത്തിയ ബ്രിക്ക് വർക്ക് ഡിമോലിഷനാണ്. അളവു പുസ്തക പ്രകാരം 93.6m3 അളവിൽ ബ്രിക്ക് പൊളിച്ചെടുക്കുകയും, 40.68 M3 അളവിൽ ഉപയോഗക്ഷമമായ കല്ലുകൾ സ്റ്റാക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ കല്ലുകൾ തുടർന്നുള്ള പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടില്ല. വലിയ അളവിലുള്ള ഈ കല്ലുകൾ പിന്നീടെന്തു ചെയ്തുവെന്ന് വ്യക്തമല്ല.
- ഡി. ആർ. പ്രവൃത്തി ചെയ്യുന്നതിന് 59.2 മീറ്റർ നീളത്തിൽ രണ്ടു മീറ്റർ വീതിയിലും 40cm ആഴത്തിലും മണ്ണെടുത്തിട്ടുണ്ട്. ഇതിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DAR ലെ ഐറ്റം 2.8.1 ആണ്. ഇതിന്റെ വിവരണം പരിശോധിച്ചാൽ ഒന്നര മീറ്ററിൽ കുറഞ്ഞ വീതിയിൽ ട്രഞ്ചസ്/ഫൗണ്ടേഷൻ നിർമ്മിയ്ക്കുന്നതിനുള്ളതാണ് ഈ ഐറ്റം. എന്നാൽ ഇവിടെ രണ്ടു മീറ്റർ വീതിയിൽ മണ്ണെടുത്തതിന് ഈയിനം ഉൾപ്പെടുത്തി തുക നൽകയതു മൂലം പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായി.

| ഉൾപ്പെടുത്തിയ ഇനം/അളവ്/ നൽകിയ തുക | നൽകാവുന്ന തുക/അധിക ചെലവ് |
|---|---|
| 2.8.1. All Kinds Of Soil<br>47.36m3 X 219.71 = 10,405.46 | Item 2.6.1 പ്രകാരം @ 166.3<br>47.36m3 X 166.3 = 7,876 |
| അധികം നൽകിയത് | 2,529/- |

- ബഹുവർഷ പദ്ധതിയായി തയ്യാറാക്കിയെങ്കിലും ആദ്യ വർഷത്തിൽ പ്രവൃത്തി ആരംഭിക്കാത്തതിനാൽ ചെലവു നടത്താൻ സാധിക്കാതെ വരികയും മുഴുവൻ തുകയും തുടർവർഷത്തിൽ കണ്ടെത്തേണ്ടതായും വന്നു. ഇതുമൂലം ബഹുവർഷ പദ്ധതിയുടെ ഗുണം ലഭ്യമാക്കാൻ സാധിച്ചില്ല.

പൊളിച്ചെടുത്ത കല്ല് സംബന്ധിച്ച വിവരം ലഭ്യമാക്കാനും, മേൽ അപാകതകളിലേയ്ക്ക് നയിച്ച സാഹചര്യം വിശദീകരിക്കാനും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. പൊളിച്ചെടുത്ത കല്ല് ലേലം ചെയ്തിട്ടുണ്ടായിരുന്നോയെന്നും, ഉണ്ടെങ്കിൽ ഇതിലൂടെ ലഭിച്ച വരവിന്റെ വിശദാംശവും, ലേലം ചെയ്തിട്ടില്ലെങ്കിൽ ആയത് നടത്തി, ലഭിച്ച വരവിന്റെ വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തെറ്റായ ഇനം ഉൾപ്പെടുത്തിയതു മൂലമുണ്ടായ അധിക ചെലവ് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 13.06.2022, 14.06.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രോജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 5,00,000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസന്റീവ് | 5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 4,50,000 | ശാരീരിക മാന സിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 4,44,775 | 5,225 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,00,000 | ലൈഫ് ഭവന നിർമാണം – രണ്ടാം ഘട്ടം | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 20,000 | സുഫലം - വിഷ രഹിത ഫല വൃക്ഷ കൃഷി | 20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 4,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 4,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 48,000 | പച്ചക്കറി വിത്ത് വിതരണവും കൂലിചെലവും | 48,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,00,000 | ലൈഫ് ഭവന നിർമാണം - രണ്ടാം ഘട്ടം | 1,00,000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

-ഇല്ല-

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | | മുതൽ | പലിശ | തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം. എസ്) 68/2018. ത.സ്വ.ഭ.വ തീയതി – 18/08/2018 | - | 39,31,931 | 4,38,980 | -- | 34,92,951 |

4-6 സ്ഥിര നിക്ഷേപം

-ഇല്ല-

4-7 ഓഡിറ്റ് റിക്കവറി

-ഇല്ല-

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 14 | 2003-04 | പൊതു പരാമർശം | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെടുന്നില്ല. | നിലനിൽക്കുന്നു |
| 1999-2000 | 2-1 | 2005-06 | പൊതു പരാമർശം | തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരവ് – കാലഹരണപ്പെട്ട തുകകളുടെ വിവരം | എൽ.എഫ്.എ. സി 2014-16(51) ഖ 38 പ്രകാരം തുക തിരികെ തിരികെ ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്ന മുറയ്ക്ക് ഒഴിവാക്കാൻ ശുപാർശ |

| | | | | | |
|---|---|---|---|---|---|
| 1999-2000<br>2000-2001<br><br>1998-1999 | | 2003-04 | മറ്റ് പരാമർശങ്ങൾ | 1. ഓല വീട് ഓട് മേയൽ – ക്രമക്കേട്.<br>2. വിട് റിപ്പയർ – പട്ടികജാതി പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>3. കിഴക്കയിൽ മീത്തൽ കിണർ നിർമ്മാണ പ്രവൃത്തി- കൺവീനർ മുൻകൂർ | നിലനിൽക്കുന്നു |
| 2000-01 | 2-2 | 2006-07 | പൊതു പരാമർശം 3.79.1 | കെട്ടിട നികുതി, തൊഴിൽ നികുതി തനത് വരുമാനം യഥാസമയം പിരിക്കാത്തതിനാൽ കാലഹരണപ്പെട്ടു. | നിലനിൽക്കുന്നു |
| | 2-1 | | പൊതു പരാമർശം 3.79.3 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് അപാകതകൾ | |
| 2000-01 | 3-4 | 2006-07 | പൊതു പരാമർശം 3.79.17-10 | പ്രവർത്തി പൂർത്തീകരിച്ചില്ല | നിലനിൽക്കുന്നു |
| 2002-03 | 3-5 | 2007-08 | 3.62.1 | വനിതാ വ്യവ സായ കേന്ദ്രം കോൺക്രീറ്റ് കെട്ടിടം തകർന്നത് സംബന്ധിച്ച് | നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം – 4 | തൊഴിൽനികുതി അപാകതകൾ | നിലനിൽക്കുന്നു |
| 2015-16 | 2-4 | 2016-17 | അനുബന്ധം – 5 | തൊഴിൽനികുതി അപാകതകൾ | നിലനിൽക്കുന്നു |
| 2015-16 | 3-1 | 2016-17 | 4-8 | ഗവ. ഐ.ടി.ഐ സ്ഥാപിക്കൽ പഞ്ചായത്തിന് ബാധ്യത | നിലനിൽക്കുന്നു |
| 2017-18 | 2-1 | 2018-19 | | ആഭ്യന്തര നിയന്ത്രണ സംവിധാനം പോരായ്മകൾ | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70008686 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78082254 |
| വരവിനങ്ങളിലുള്ള നഷ്ടം | 8640 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10583 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായതുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 8640 | | ശ്രീ. എം. ബിജു, സെക്രട്ടറി |
| 3-1 | | 2,900 | ശ്രീമതി. ദീപശ്രീ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-2 | | 5,154 | ശ്രീ. പ്രദീപ് കുമാർ, ഓവർസീയർ (ഗ്രേഡ്-1) |
| 3-3 | | 2,529 | ശ്രീമതി. ആര്യരാജ്, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപ നങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

2-1 432 ഗ്രന്ഥശാലാവരി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം. ബിജു, സെക്രട്ടറി | സെക്രട്ടറി, പെരുവയൽ ഗ്രാമ പഞ്ചായത്ത് | ശ്രീപത്മം, എലത്തൂർ പി. ഒ 673303 |
| ശ്രീമതി. ദീപശ്രീ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കുമരപുരം ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ ജില്ല | പ്രണചി, കുറുമണ്ടൽ ബി, പരവൂർ പി. ഒ, കൊല്ലം ജില്ല |
| ശ്രീ. പ്രദീപ് കുമാർ, ഓവർസീയർ (ഗ്രേഡ്-1) | ഓവർസീയർ (ഗ്രേഡ്-1), വില്യാപ്പള്ളി ഗ്രാമ പഞ്ചായത്ത് | കൊക്കുളി താഴം, എരഞ്ഞിക്കൽ പി. ഒ, കോഴിക്കോട് ജില്ല |
| ശ്രീമതി. ആര്യരാജ്, അസിസ്റ്റന്റ് എഞ്ചിനീയർ | എംപ്ലോയ്മെന്റ് നിയമനം | വാഴ വിള, പടിഞ്ഞാറ്റത്തിൽ, പൂവ്വത്തൂർ, മാറാടി പി. ഒ 691507 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-99 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(3)/15-11-2011 | 3 | 14,16(2),17 |
| 1998-99 (വരവ്) | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(4) /15-11-2011 | 2 | 2-1,2-2 |
| 1999-00 (വരവ്) | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(5)/15-11-2011 | 1 | 2-1 സമാഹൃതം |
| 1999-00 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(6)/15-11-2011 | 3 | 15,16,24 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി/പി10/ 846/19(4) തീ-08.07.2020 | 4 | 2-2ബി,2-2സി, 2-3സി,3-4 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി9/ 1685/11(9)/15-11-2011 | 2 | 2-1,2-3 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി/പി10/ 846/19(3) തീ-08.07.2020 | 9 | 2-2,2-3,2-5, 3-3,3-4,3-5, 3-6,3-9,3-10 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി10/ 846/19(4) തീ-08.07.2020 | 1 | 3-4(A,C) |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി/പി10/ 668/21 തീ-15.04.2021 | 5 | 3-1,3-2,3-5,3-7സി, 3-8 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി6/ 1060/09/01-12-09 | 18 | 2-1,2-2,2-3, 2-5,2-6, 3-1,3-2,3-3, 3-4,3-5,3-6, 3-7,3-8,3-9, 3-10,3-11, |

| | | | |
|---|---|---|---|
| | | | 3-12,3-14 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1559/16/31-08-2016 | 3 | 3-2,3-3,3-4 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1526/16/21-03-2017 | 9 | 2-8,3-1(1),3-1(3), 3-2,3-4,3-6,3-8, 3-9,3-12 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി5/ 566/16/07-04-2016 | 15 | 3-3,3-5,3-6, 3-7,3-8(1), 3-8(2),3-9,3-10, 3-11,3-12 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി/പി5/567/ 16/08-04-2016 | 7 | 2-2,2-3,3-2,3-3, 3-8,3-9,3-10 |
| 2010-11& 2011-12 | കെ.എസ്.എ.കെ.കെ.ഡി/പി5/856/ 16/30-08-16 | 8 | 3-1,3-2,3-6,3-7,3-11, 3-13,3-14,3-15 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി/പി5/ 568/16/31-03-2016 | 4 | 3-4,3-5,3-6,3-8 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1297/16/26-07-16 | 9 | 3-1,3-2,3-5,3-8, 3-10,3-11,3-12, 3-16,3-18 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി5/ 2200/01-06-17 | 21 | 2-1,2-2,2-3,2-4, 3-1,3-2,3-3, 3-4, 3-5,3-6, 3-7, 3-8, 3-9,3-10, 3-11, 3-12, 3-13,3-14, 3-15, 3-16, 3-17 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി5/ 2031/2017/02.11.2017 | 27 | 2-1,2-2,2-3,2-4,2-5, 2-6,3-1,3-2,3-3,3-4, 3-5,3-6(1),3-6(2), 3-7,3-8, 3-9,3-10,3-12, 3-13,3-14,3-15, 3-16,3-17, 3-18,3-19,3-20 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി10 /1365/2019 തീ- 02.07.2020 | 13 | 1-12,2-1,2-2,3-2, 3-3,3-4,3-5,3-6,3-8, 3-9,3-10,3-11, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി10 /169/2020 തീ- 11.01.2021 | 29 | 1-6,1-7,1-8,1-9,1-11, 1-12,1-13,1-14,1-15,1-16, 1-17,1-18,1-19,1-20,1-21, 1-22,1-23,1-24, 1-25, 1-26,1-27,1-28,1-29, 1-30,1-31,1-32, 3-1,3-2,4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി6 /344/2022 തീ- 24-02-2022 | 30 | മുഴുവൻ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്